പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## മുപ്പതാമത് റിപ്പോർട്ട്

(2018 ഡിസംബർ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 7-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## മുപ്പതാമത് റിപ്പോർട്ട്

(2018 ഡിസംബർ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 7-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

1775/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2016-2019)

### ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

---

* 2018 മാർച്ച് മാസം 9-ാം തീയതിയിലെ 413-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)-യുടെ 7-ാമത് റിപ്പോർട്ട് (കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ 6-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018, ഡിസംബർ 11.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 7-ാമത് റിപ്പോർട്ടിന്മേൽ [കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച്] സർക്കാർ സ്വീകരിച്ച് നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ ഏഴാമത് റിപ്പോർട്ട് 2005 ആഗസ്റ്റ് മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ ആകെ 51 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 21-11-2012, 30-9-2014, 22-9-2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 13, 14, 16, 17, 18, 25, 26, 27, 40, 41, 50, 51, 52, 53, 60, 61, 62, 63, 64, 65, 73, 74, 75, 76, 77, 79, 81, 82 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളുടെയും സർക്കാർ മറുപടികളുടെയും, സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം 2

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും

### ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർ ശിപാർശയും

#### ഖണ്ഡിക നമ്പർ 81, 82

ശിപാർശ

2.1.1 കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫിഷറീസ് കോളേജിലെ ചെമ്മീൻ വളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ ആറ്റുമണൽ ഉപയോഗിച്ച് അടിത്തറ നികത്തിയതിന് അധികം ചെലവായ 17,569 രൂപ വസൂലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.1.2 17,569 രൂപയുടെ ദുർവ്യയത്തെ ന്യായീകരിക്കുകയും മുന്നരവർഷക്കാലമായിട്ടും ഇതിനെതിരെ നടപടിയെടുക്കാൻ കൂട്ടാക്കാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഫിസിക്കൽ പ്ലാന്റ് ഡയറക്ടർക്കെതിരെ യൂണിവേഴ്സിറ്റി അടിയന്തരമായി റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കണമെന്നും പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാരെങ്കിലും സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുണ്ടോയെന്നും അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.3 സമിതിയുടെ നിർദ്ദേശം അനുസരിച്ച് പ്രസ്തുത പണിക്ക് മേൽനോട്ടം വഹിച്ച അന്നത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. ശ്രീകുമാറിനും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം. വി. ചാക്കോച്ചനും എതിർപ്പിൽ ഉൾപ്പെട്ട തുകയായ 17,569/- രൂപ തിരിച്ചടയ്ക്കാൻ നോട്ടീസയയ്ക്കുകയുണ്ടായി.

2.1.4 മേൽ നടപടി നോട്ടീസിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം. വി. ചാക്കോച്ചൻ നൽകിയ വിശദീകരണത്തിലെ വസ്തുതകളുടെ വെളിച്ചത്തിൽ എതിർപ്പ് ഒഴിവാക്കിത്തരണമെന്ന് ശ്രീ. ചാക്കോച്ചൻ കമ്മിറ്റി മുമ്പാകെ അപേക്ഷിച്ചിട്ടുണ്ട്.

2.1.5 ശ്രീ. പി. ശ്രീകുമാർ സർവ്വകലാശാലയിൽ പി.ഡബ്ല്യൂ.ഡി. വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ ആണ് ജോലി ചെയ്തിരുന്നത്. അദ്ദേഹം ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി തിരിച്ച് പോകുകയും ചീഫ് എഞ്ചിനീയറായി സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു.

2.1.6 മറുപടി സ്വീകരിച്ച് എതിർപ്പ് പിൻവലിക്കണമെന്ന് അപേക്ഷിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്

2.1.7 17,569 രൂപ ബന്ധപ്പെട്ടവരിൽ നിന്നും വസൂലാക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കിയിട്ടില്ല. ഉത്തരവാദികളായ ശ്രീ. എം. വി. ചാക്കോച്ചൻ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, ശ്രീ. പി. ശ്രീകുമാർ, എക്സി. എഞ്ചിനീയർ എന്നിവർക്ക് തുക തിരിച്ചടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ശ്രീ. എം. വി. ചാക്കോച്ചൻ പ്രസ്തുത നോട്ടീസിന് മറുപടി നൽകുകയും ആയത് പരിഗണിച്ച് ടിയാനെയും, സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ശ്രീ. പി. ശ്രീകുമാറിനെയും ബാധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന അഭ്യർത്ഥന നടത്തുക മാത്രമാണ് ഇക്കാര്യത്തിൽ സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നത്.

## സമിതി ആരാഞ്ഞ അധികവിവരം

2.1.8 കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ആവശ്യപ്പെട്ടു.

## കൃഷി വകുപ്പിൽ നിന്ന് ലഭിച്ച അധിക വിവരങ്ങൾ

2.1.10 സമിതിയുടെ നിർദ്ദേശം അനുസരിച്ച് പ്രസ്തുത പണിക്ക് മേൽനോട്ടം വഹിച്ച അന്നത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. ശ്രീകുമാറിനും, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ ശ്രീ. എം. വി. ചാക്കോച്ചനും എതിർപ്പിൽ ഉൾപ്പെട്ട തുകയായ 17,569 രൂപ തിരിച്ചടയ്ക്കാൻ നോട്ടീസയയ്ക്കുകയുണ്ടായി.

2.1.11 മേൽപ്പടി നോട്ടീസിന് അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ ശ്രീ. എം. വി. ചാക്കോച്ചൻ 8,785 രൂപ രസീത് നമ്പർ 89/30722 തീയതി 7-12-2012 പ്രകാരം അടച്ചിട്ടുണ്ട്.

2.1.12 ഈ വിശദീകരണത്തിലെ വസ്തുതകളുടെ വെളിച്ചത്തിൽ എതിർപ്പ് ഒഴിവാക്കിത്തരണമെന്ന് ശ്രീ. ചാക്കോച്ചൻ കമ്മിറ്റി മുമ്പാകെ അപേക്ഷിച്ചിട്ടുണ്ട്.

2.1.13 പി.ഡബ്ല്യൂ.ഡി. വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ സർവ്വകലാശാലയിൽ ജോലി ചെയ്ത ശ്രീ. ശ്രീകുമാർ വകുപ്പിൽ നിന്ന് ചീഫ് എഞ്ചിനീയറായി വിരമിച്ചതായാണറിയുന്നത്.

2.1.14 സമിതി ശിപാർശ ചെയ്ത പ്രകാരം 17,569 രൂപയുടെ പകുതി തുക (8,785 രൂപ) ശ്രീ. പി. ശ്രീകുമാറിൽ നിന്ന് തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ടി തുക കാർഷിക സർവ്വകലാശാലയുടെ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിക്ഷേപിച്ചതിന് ശേഷം സമിതിക്ക് നേരിട്ട് റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് 17-12-2012-ലെ 35464/എ.എഫ്.2/2012/കൃഷി അനൗദ്യോഗികകുറിപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.15 ഓഡിറ്റ് എതിർപ്പിന് വഴിതെളിച്ച പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച അന്നത്തെ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ ശ്രീ. എം. വി. ചാക്കോച്ചനും, എക്സി. എഞ്ചിനീയർ ശ്രീ. പി. ശ്രീകുമാറും നിരാകരിച്ച തുകയായ 17,569 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ തിരിച്ചടയ്ക്കണമെന്നാണ് സമിതി ആവശ്യപ്പെട്ടിട്ടുള്ളത്. പകുതി തുകയായ 8,785 രൂപ ശ്രീ. എം. വി. ചാക്കോച്ചൻ രസീത് നമ്പർ 89/30722/7-12-2012 പ്രകാരം അടച്ചിട്ടുണ്ട്. ശ്രീ. പി. ശ്രീകുമാറിൽ നിന്ന് തുക ലഭിക്കുന്നതിനായി ടിയാളുടെ സ്ഥിരവിലാസത്തിലും, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്കും സർക്കാരിലേക്കും കത്തയച്ചതായി രേഖയുണ്ട്. എന്നാൽ മറുപടിയോ, തുക തിരിച്ചടയ്ക്കുകയോ ചെയ്തതായി രേഖയില്ല.

## 30-9-2014-ലെ സമിതി തീരുമാനം

2.1.16 തിരിച്ചടയ്ക്കണമെന്ന് സമിതി ആവശ്യപ്പെട്ട തുക ശ്രീ. പി. ശ്രീകുമാറിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുക.

2.1.17 പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കും സർക്കാരിനും പ്രസ്തുത വിഷയം സംബന്ധിച്ച് കത്തയച്ചിട്ടും മറുപടി ലഭ്യമാക്കാത്തതിനാൽ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുക.

## കൃഷി വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം

2.1.18 സമിതി ശിപാർശ ചെയ്ത പ്രകാരം 17,569 രൂപയുടെ പകുതി തുക 8,785 രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ സർവ്വകലാശാലയിൽ ജോലി ചെയ്ത ശ്രീ. പി. ശ്രീകുമാറിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ടി തുക കാർഷിക സർവ്വകലാശാലയുടെ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിക്ഷേപിച്ചതിനുശേഷം സമിതിക്ക് നേരിട്ട് റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് 17-12-2012-ലെയും 28-11-2014-ലെയും 35464/എ.എഫ്.2/2012/കൃഷി അനൗദ്യോഗികകുറിപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.19 കൃഷി വകുപ്പ് (ഫാംസ്) സെക്രട്ടറിയുടെ '4-10-2011-ലെ 41245/ എ.എഫ്.2/2005/കൃഷി നമ്പർ കത്തിലൂടെ ശ്രീ. പി. ശ്രീകുമാർ ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിലേക്ക് തിരിച്ചുപോവുകയും ചീഫ് എഞ്ചിനീയറായി സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു എന്നറിയിച്ചിട്ടുണ്ട്. കൃത്യമായ നഷ്ടത്തുക ഈടാക്കുന്നതിൽ നടപടികൾ ഫലം കണ്ടില്ല.

## 22-9-2015-ലെ തെളിവെടുപ്പ് യോഗത്തിലെ സമിതി നിർദ്ദേശം

2.1.20 പ്രസ്തുത ശിപാർശയിലെ വിഷയം സംബന്ധിച്ച ചോദ്യത്തിന് പരാമർശ വിധേയനായ ചീഫ് എഞ്ചിനീയർ വിരമിച്ചിട്ടില്ലെന്നും നടപടി സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണെന്നും കൃഷി വകുപ്പ് ടി വകുപ്പിന് കത്തയച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് സെക്രട്ടറി മറുപടി നൽകി. കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടിലെ പരാമർശവിധേയമായ ശിപാർശ പ്രകാരം പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരിൽ നിന്ന് തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ആയതിന്മേൽ തെളിവെടുപ്പിന് ഹാജരാകാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിക്ക് കത്തയച്ചെങ്കിലും അദ്ദേഹം യോഗത്തിന് ഹാജരായിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിന് ഹാജരാകാത്ത വിവരം ചീഫ് സെക്രട്ടറിയെ അറിയിക്കുവാനും പൊതുമരാമത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണമാരായുവാനും സമിതി നിർദ്ദേശിച്ചു.

## സമിതി ആരാഞ്ഞ അധികവിവരം

2.1.21 ചീഫ് എഞ്ചിനീയർ ശ്രീ. പി. ശ്രീകുമാറിൽ നിന്ന് തുക തിരിച്ച് പിടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടു.

20-1-2016-ലെ സമിതി യോഗതീരുമാനം

2.1.22 22-9-2015-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരാകാത്തത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമർപ്പിച്ച വിശദീകരണം 20-1-2016-ലെ യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

തുടർ ശിപാർശ

2.1.23 **ചീഫ് എഞ്ചിനീയർ ശ്രീ. പി. ശ്രീകമാറിൽ നിന്ന് തുക തിരിച്ച് പിടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.**

അദ്ധ്യായം 3

**സർക്കാരിൽ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.**

ഖണ്ഡിക നമ്പർ 6, 7, 8

ശിപാർശ

3.1.1 രണ്ട് ലക്ഷത്തിൽപ്പരം രൂപ സർവ്വകലാശാലയ്ക്ക് നഷ്ടം വരുത്തിയ പ്രസ്തുത കേസ് സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റി പെൻഷൻ അദാലത്തിൽ വച്ച് തീർപ്പാക്കിയത് വ്യക്തമായ ക്രമക്കേടാണെന്നും പ്രസ്തുത കേസ് പുനഃപരിശോധിക്കണമെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.1.2 ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ തടസ്സം ചെയ്തില്ലായെന്നതുകൊണ്ട് ക്രമക്കേടുകൾ സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റിക്ക് തീർപ്പാക്കാൻ കഴിയില്ലെന്നും സാമ്പത്തിക ദുർവ്യയം നടന്നാൽ ആയത് പരിശോധിക്കാനുള്ള ഉത്തരവാദിത്വം നിയമസഭാ സമിതിക്കാണെന്നും ഓഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ഓഡിറ്റ് തടസ്സം തീർപ്പാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകരുതെന്നും സമിതി അഭിപ്രായപ്പെട്ടു.

3.1.3 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ കണ്ടെത്തിയ 15 ഓഡിറ്റ് തടസ്സങ്ങളും സർവ്വകലാശാല നടത്തിയ പെൻഷൻ അദാലത്തിൽ വച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ

സാന്നിദ്ധ്യത്തിൽ തീർപ്പാക്കിയതുവഴി 40 കോടിയുടെ ധനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഓഡിറ്റ് തടസ്സം തീർപ്പാക്കിയ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രത്യേക ക്ഷണിതാവായി സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റിയിൽ വരുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്ന നടപടി ക്രമപ്രകാരമല്ലാത്തതിനാൽ അപ്രകാരം ചെയ്യാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.4 കമ്മിറ്റിയുടെ തീരുമാനം അന്ന് സർവ്വകലാശാല ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. പി. ഒ. തോമസിനെ രജിസ്റ്റേഡ് തപാൽ മുഖേന അറിയിക്കുകയും 2,25,508 രൂപ തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നോട്ടീസിന് ശ്രീ. പി. ഒ. തോമസ് നൽകിയ മറുപടി ഇതിനോടൊപ്പം ഉൾക്കൊള്ളിക്കുന്നു (അനുബന്ധം I). കമ്പോള നിരക്ക് അനുവദിച്ചിട്ടുള്ള സാധനങ്ങൾ തനി ഷെഡ്യൂളിൽ ഉൾപ്പെട്ടവയായതുകൊണ്ട് അവയ്ക്ക് ടെൻഡർ എക്സസ് നൽകാൻ കരാറനുസരിച്ച് സർവ്വകലാശാല ബാധ്യസ്ഥമാണെന്നും അങ്ങനെ നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കുകവഴി സർവ്വകലാശാലയ്ക്ക് യാതൊരു നഷ്ടവും വരുത്തിയിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് സംഖ്യ തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം പിൻവലിക്കണമെന്നും മേൽ നടപടികൾ അവസാനിപ്പിക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. ശ്രീ. തോമസ് സർവ്വകലാശാല സർവ്വീസിൽ നിന്ന് 1998-ൽ റിട്ടയർ ചെയ്തെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ മറുപടി അംഗീകരിച്ച് പ്രസ്തുത കേസ് പിൻവലിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

3.1.5 KLF AUDIT ACT 15(2) (A) വകുപ്പുപ്രകാരം ഡെപ്യൂട്ടി ഡയറക്ടർക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ അധികാരം നൽകിയിട്ടുണ്ടെന്ന് ബഹു. കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

3.1.6 KLFA ACT 15(2) A പ്രകാരം ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ്. കൂടുതൽ വിശദീകരണം ലോക്കൽ ഫണ്ട് ഡയറക്ടറിൽ നിന്നും ലഭ്യമാക്കാനപേക്ഷ.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.1.7 സമിതി നിർദ്ദേശപ്രകാരം പ്രസ്തുത കാലയളവിലെ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറായിരുന്ന ശ്രീ. പി. ഒ. തോമസിന് (1998-ൽ വിരമിച്ചു) 2,25,508 രൂപ തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകുകയും നോട്ടീസിനുള്ള ടിയാന്റെ മറുപടി സ്വീകരിച്ച്

പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുക മാത്രമാണ് സർവ്വകലാശാല ചെയ്തിട്ടുള്ളത്. മറ്റ് നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

ശ്രീ. പി. ഒ. തോമസ് നൽകിയിരിക്കുന്ന വിശദീകരണം അംഗീകരിക്കാവുന്നതല്ല. കമ്പോള നിരക്ക് അനുവദിച്ച സാധനങ്ങൾക്ക് ടെണ്ടർ എക്സസ് നൽകിയ തീരുമാനം തെറ്റാണെന്ന് നിയമസഭാ സമിതി വിലയിരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ഈ നഷ്ടം ശ്രീ. പി. ഒ. തോമസിൽ നിന്നും ഈടാക്കേണ്ടതാണ്.

3.1.8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അധികാരമില്ല. സമാഹൃത റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ നിയമസഭാ സമിതിയോട് ശിപാർശ നടത്തുവാൻ മാത്രമേ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അധികാരമുള്ളൂ.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ പാടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എല്ലാ സബ് ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

3.1.9 ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ തീരുമാനമെടുത്ത ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത വിവരം ബോധിപ്പിക്കുന്നു.

<u>ഖണ്ഡിക നമ്പർ 13, 14</u>

<u>ശിപാർശ</u>

3.2.1 കേരഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള നെല്ലിമൂട് സർവ്വീസ് സഹകരണ ബാങ്കിന് നാളികേരം വിൽക്കാതെ നഷ്ടം സഹിച്ചുകൊണ്ട് കണ്ടല സർവ്വീസ് സഹകരണ ബാങ്കിന് വിൽപ്പന നടത്തിയത് ക്രമരഹിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.2.2 നാളികേരത്തിന്റെ എണ്ണം കണക്കാക്കി വില നിശ്ചയിക്കുന്നതിന് പകരം നാളികേരത്തിൽ നിന്നും ലഭിക്കുന്ന കൊപ്രയുടെ ഭാരം കണക്കാക്കി വില നിശ്ചയിക്കുന്ന സംവിധാനം ഏർപ്പെടുത്തിയ ശേഷം സർവ്വകലാശാലയ്ക്ക് 2,46,077/- രൂപയുടെ നഷ്ടമുണ്ടായി. പ്രസ്തുത സംവിധാനം നഷ്ടമാണെന്നറിഞ്ഞിട്ടും കണ്ടല ബാങ്കുമായുള്ള ഇടപാട് റദ്ദ് ചെയ്യാതെ വീണ്ടും ആറുപ്രാവശ്യം കൂടി നാളികേരം നൽകിയ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ടി ബാങ്കുമായുള്ള പ്രത്യേക താൽപ്പര്യപ്രകാരമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ആയതിനാൽ, ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.2.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിയമിച്ച അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം കാത്തിരിക്കുകയാണ്. റിപ്പോർട്ടിന്റെ സംഗ്രഹം ഇതാണ്. 'ഓഫീസ് രേഖകളും ലഭ്യമായ ശാസ്ത്രീയ വിവരങ്ങളും അനുസരിച്ച് കണ്ടല സർവ്വീസ് സഹകരണ സംഘത്തിന് നാളികേരം വിൽക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥാപിത താൽപ്പര്യം കാണിച്ചിട്ടില്ല. കാർഷിക ഫാക്കൽറ്റി ഡീനിന്റെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കുക മാത്രമാണ് ഉദ്യോഗസ്ഥൻ ചെയ്തത്. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഓഡിറ്റ് തർക്കം ഉപേക്ഷിക്കണമെന്ന് എൻക്വയറി കമ്മിറ്റി ശിപാർശ ചെയ്യുന്നു.'

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.2.4 നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. (GA/G2/30378/09, തീയതി 30-10-2009).

### സമിതി ആരാഞ്ഞ അധികവിവരം

3.2.5 സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുക.

### കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധിക വിവരങ്ങൾ

3.2.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിയോഗിച്ച ഗവേഷണ വിഭാഗം മേധാവിയും അസോസിയേഷൻ ഡീൻ കോളേജ് ഓഫ് ഹോർട്ടികൾച്ചറും ഉൾപ്പെട്ട അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും (അനുബന്ധം I) ഭരണസമിതി തീരുമാനത്തിന്റെ പകർപ്പും (അനുബന്ധം II) ഇതോടൊപ്പം വയ്ക്കുന്നു. മേൽ കാര്യങ്ങൾ പരിഗണിച്ച് ഈ വിഷയത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.2.7 അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിന്നും, കണ്ടല സർവ്വീസ് സഹകരണ സൊസൈറ്റിക്ക് നാളികേരം വിൽപ്പന നടത്തിയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്ഥാപിത താൽപ്പര്യം ഇല്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റി ഈ അന്വേഷണ റിപ്പോർട്ട് അംഗീകരിച്ചിട്ടുമുണ്ട്. ആയതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

## ഖണ്ഡിക നമ്പർ 16, 17, 18

### ശിപാർശ

3.3.1 യു.ജി.സി. പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ അതുപ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരായ സർവ്വകലാശാല അതിന് വിപരീതമായി അധികവേതനം അനുവദിച്ച നടപടി യു.ജി.സി. പാക്കേജിന് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു.

3.3.2 സാമ്പത്തികാനുകൂല്യങ്ങൾക്ക് യു.ജി.സി. മാനദണ്ഡങ്ങൾ അംഗീകരിക്കുകയും ജോലി സമയത്തിലുള്ള വർദ്ധന, ഗുണനിലവാരം, മറ്റ് ഉത്തരവാദിത്തങ്ങൾ എന്നിവ സംബന്ധിച്ച യു.ജി.സി. നിർദ്ദേശങ്ങൾ നിരാകരിക്കുകയും ചെയ്യുന്ന പ്രവണതയാണ് കാർഷിക സർവ്വകലാശാലയിൽ നിലനിൽക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മാനദണ്ഡങ്ങൾക്ക് എതിരായി സർക്കുലർ ഇറക്കുന്ന സർവ്വകലാശാല നടപടി ശിക്ഷാർഹമാണെന്നും, കുറ്റക്കാരെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.3.3 യു.ജി.സി. പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ അദ്ധ്യാപനവും ഗവേഷണവും പദ്ധതിയിൽ നിഷ്കർഷിക്കുന്ന തരത്തിൽ ഉന്നത നിലവാരം പുലർത്താൻ സർവ്വകലാശാല ശ്രദ്ധാന്തി കാണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.3.4 ബഹുമാനപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശം ബന്ധപ്പെട്ട സർവ്വകലാശാല കമ്മിറ്റികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3.3.5 അക്കാദമിക്ക് കൗൺസിലിന്റെ ഉത്തരവ് നമ്പർ അക്കാഡ്/എ 2/12513/96 തീയതി 13-6-1996 പ്രകാരമാണ് ഇന്റേണൽ എക്സാമിനേഷനിന് അധിക വേതനം നൽകിയിട്ടുള്ളത്. ഇക്കാര്യം യു.ജി.സി. പദ്ധതിക്ക് വിരുദ്ധമാണെന്ന റിപ്പോർട്ട് അക്കാദമിക്ക് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതാണ്.

3.3.6 യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധമായ സർക്കുലറുകളും ഉത്തരവുകളും ഭരണ സമിതിയുടെയും ജനറൽ കൗൺസിലിന്റെയും അംഗീകാരത്തോടെയാണ് ഇറക്കിയിട്ടുള്ളത്. എന്നാൽ യു.ജി.സി. നടപ്പിലാക്കിയതിലുള്ള അപാകതകളെ പറ്റി വ്യാപകമായ പരാതികളും ഓഡിറ്റ് എതിർപ്പുകളും വന്ന സാഹചര്യത്തിൽ 13-1-2005-ലെ യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്ട്സ് അനുസരിച്ച് യു.ജി.സി. സംബന്ധമായ യൂണിവേഴ്സിറ്റി ഇറക്കിയിട്ടുള്ള എല്ലാ ഉത്തരവുകളും ഓരോന്നായി പരിശോധിച്ച് തിരുത്തൽ

ഉത്തരവുകൾ ഇറക്കണമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും നിയമങ്ങളും (റൂൾസ്) അനുസരിച്ച് ഇതുവരെ 567 തിരുത്തൽ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം തിരുത്തൽ ഉത്തരവുകൾ നൽകപ്പെട്ട അദ്ധ്യാപകരിൽ 168 പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ യൂണിവേഴ്സിറ്റിയുടെയും ഗവൺമെന്റിന്റെയും മേൽ പ്രസ്താവിച്ച നടപടിക്കെതിരെ കേസ് ഫയൽ ചെയ്തിരുന്നു. കൂടാതെ യൂണിവേഴ്സിറ്റിക്ക് നേരിട്ടും ഇരുന്നൂറോളം അദ്ധ്യാപകർ പരാതി നൽകിയിരുന്നു. കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ പരാതിക്കാരുടെ കാര്യത്തിൽ സർവ്വകലാശാലയുടെ അന്തിമ തീരുമാനം നടപ്പാക്കുന്നത് കോടതിയുടെ അനുമതിയോടുകൂടി മാത്രമേ ആകാവൂ എന്ന് ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3.3.7 പിന്നീട് No. GO (Ms) 32/07/AD dated 19-3-2007 പ്രകാരം 1986 യു.ജി.സി. പദ്ധതിയുടെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന കേസുകളിൽ ഭൂരിഭാഗവും, 19-3-2007-ലെ GO (Ms) 32/07/AD നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പുനഃപരിശോധിച്ച് അദ്ധ്യാപകരെ 1986 യു.ജി.സി. പദ്ധതിയിലാക്കണമെന്നുള്ള നിർദ്ദേശത്തോടെ അന്തിമ തീർപ്പാക്കുകയാണുണ്ടായത്.

ഈ ഗവൺമെന്റ് ഉത്തരവിലെ നിബന്ധനകൾക്കനുസൃതമായി അദ്ധ്യാപകരെ 1986 യു.ജി.സി. പദ്ധതിയിലേക്ക് ഇൻഡക്ട് ചെയ്തുകൊണ്ടും അർഹരായ എല്ലാ അദ്ധ്യാപകർക്കും 1996 യു.ജി.സി. പദ്ധതിയനുസരിച്ച് പ്രമോഷനുകൾ നൽകിക്കൊണ്ടും പുതുക്കിയ ഉത്തരവുകൾ സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള ഇൻഡക്ഷനുകളും പ്രമോഷനുകളും സർക്കാർ ഉത്തരവുകൾക്കനുസൃതമായിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ 1986 യു.ജി.സി. പദ്ധതി നടപ്പിലാക്കിയപ്പോൾ യു.ജി.സി.യുടേയും കേരള സർക്കാരിന്റേയും മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സർവ്വകലാശാല ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ട് എന്ന വസ്തുത സമിതിയുടെ മുമ്പാകെ ബോധ്യപ്പെടുത്തുന്നു.

3.3.8 അദ്ധ്യാപനവും ഗവേഷണവും ഉന്നത നിലവാരം പുലർത്തുവാൻ വേണ്ടി അദ്ധ്യാപകരുടെയും ശാസ്ത്രജ്ഞരുടേയും ജോലിഭാരം യു.ജി.സി. ചട്ടങ്ങൾക്കനുസരിച്ച് നിർണ്ണയിക്കുവാൻ നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 7-12-2005 തീയതിയിലെ 420-ാമത് യോഗതീരുമാന പ്രകാരം ഈ വിഷയം മേൽ നടപടികൾക്കായി എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. സർവ്വകലാശാല

ഭരണസമിതി നിർദ്ദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവ്വകലാശാലയിലെ ഡീൻ, അസോസിയേറ്റ് ഡീൻ, ഡയറക്ടർ എന്നീ പദവിയിലുള്ള തലവന്മാരുടെ യോഗം വിളിച്ചുകൂട്ടുകയും 23-8-2006-ന് ചേർന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവ്വകലാശാലയിലെ വിവിധ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ പുനർ നിർണ്ണയം ചെയ്യുതായ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. 15-10-2007-ൽ കൂടിയ 444-ാമത് ഭരണസമിതി യോഗം ടി പഠന റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.3.9 ഇന്റേണൽ എക്സാമിനേഴ്സിന് അധിക വേതനം നൽകിയ നടപടിയെ സംബന്ധിച്ച നിയമസഭാ സമിതിയുടെ വിലയിരുത്തൽ അക്കാഡമിക് കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നതാണെന്ന മറുപടി മാത്രമാണ് സർവ്വകലാശാല നൽകിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3.3.10 ക്രമവിരുദ്ധമായ ഉത്തരവുകൾ പരിഷ്കരിച്ച് സർവ്വകലാശാല തിരുത്തൽ ഉത്തരവുകൾ നൽകുകയും ആയതിനെതിരായി പരാതികളും, കോടതി കേസുകളും ഉണ്ടാവുകയും ചെയ്തു. കോടതി വിധി ലഭ്യമായത്, നേരിട്ട് ലഭിച്ച പരാതികളിൽ തീർപ്പ് കല്പിച്ചവ എന്നിവ ഓഡിറ്റ് പരിശോധന നടത്തുന്നുണ്ട്. എന്നാൽ കോടതിയിൽ തീർപ്പാക്കാൻ ബാക്കിയുള്ള കേസുകളിലും നേരിട്ട് ലഭിച്ച പരാതികളിൽ അവശേഷിക്കുന്നവയിലും അന്തിമ തിരുത്തൽ ഉത്തരവ് നൽകാനുള്ളതിനാൽ ആയവ പുറപ്പെടുവിച്ച് പൂർത്തിയാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സർക്കുലർ ഇറക്കിയ നടപടിയിലെ കുറ്റക്കാരെ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിച്ചതിനെ സംബന്ധിച്ചുള്ള മറുപടി സർവ്വകലാശാല അധികൃതർ നൽകിയിട്ടില്ല.

3.3.11 നിയമസഭാ സമിതി നിർദ്ദേശത്തെത്തുടർന്ന് സർവ്വകലാശാല എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഭരണ സമിതി അംഗീകരിച്ചതായി കാണുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.3.12 യു.ജി.സി. പാക്കേജിന് വിരുദ്ധമായി അധിക വേതനം അനുവദിച്ചവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ച്ചയ്ക്കകം സമർപ്പിക്കുക.

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.3.13 ബഹുമാനപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശം ബന്ധപ്പെട്ട സർവ്വകലാശാല കമ്മിറ്റികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3.3.14 അക്കാദമിക് കൗൺസിലിന്റെ ഉത്തരവ് നമ്പർ അക്കാഡ്/എ 2/12513/96 തീയതി 13-6-1996 പ്രകാരമാണ് ഇന്റേണൽ എക്സാമിനേഴ്സിന് അധിക വേതനം നൽകിയിട്ടുള്ളത്. ഇക്കാര്യം യു.ജി.സി. പദ്ധതിക്ക് വിരുദ്ധമാണെന്ന റിപ്പോർട്ട് അക്കാദമിക് കൗൺസിൽ മുമ്പാകെ സമർപ്പിച്ച് തിരുത്തൽ നടപടി എടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

3.3.15 യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധമായ സർക്കുലറുകളും ഉത്തരവുകളും ഭരണ സമിതിയുടെയും ജനറൽ കൗൺസിലിന്റെയും അംഗീകാരത്തോടെയാണ് ഇറക്കിയിട്ടുള്ളത്. എന്നാൽ യു.ജി.സി. നടപ്പിലാക്കിയതിലുള്ള അപാകതകളെ പറ്റി വ്യാപകമായ പരാതികളും ഓഡിറ്റ് എതിർപ്പുകളും വന്ന സാഹചര്യത്തിൽ 13-1-2005-ലെ യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്ട്സ് അനുസരിച്ച് യു.ജി.സി. സംബന്ധമായ യൂണിവേഴ്സിറ്റി ഇറക്കിയിട്ടുള്ള എല്ലാ ഉത്തരവുകളും ഓരോന്നായി പരിശോധിച്ച് തിരുത്തൽ ഉത്തരവുകൾ ഇറക്കണമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും നിയമങ്ങളും (റൂൾസ്) അനുസരിച്ച് ഇതുവരെ 567 തിരുത്തൽ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം തിരുത്തൽ ഉത്തരവുകൾ നൽകപ്പെട്ട അദ്ധ്യാപകരിൽ 168 പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ യൂണിവേഴ്സിറ്റിയുടെയും ഗവൺമെന്റിന്റെയും മേൽ പ്രസ്താവിച്ച നടപടിക്കെതിരെ കേസ് ഫയൽ ചെയ്തിരുന്നു. കൂടാതെ യൂണിവേഴ്സിറ്റിക്ക് നേരിട്ടും ഇരുനൂറോളം അദ്ധ്യാപകർ പരാതി നൽകിയിരുന്നു. കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ പരാതിക്കാരുടെ കാര്യത്തിൽ സർവ്വകലാശാലയുടെ അന്തിമ തീരുമാനം നടപ്പാക്കുന്നത് കോടതിയുടെ അനുമതിയോടുകൂടി മാത്രമേ ആകാവൂ എന്ന് ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3.3.16 പിന്നീട് GO (Ms) No. 32/07/AD dated 19-3-2007 പ്രകാരം 1986 യു.ജി.സി. പദ്ധതിയുടെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്.

3.3.17 ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന കേസുകളിൽ ഭൂരിഭാഗവും 19-3-2007-ലെ GO (Ms) 32/07/AD നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പുന:പരിശോധിച്ച അദ്ധ്യാപകരെ 1986 യു.ജി.സി. പദ്ധതിയിലാക്കണമെന്നുള്ള നിർദ്ദേശത്തോടെ അന്തിമ തീർപ്പാക്കുകയാണുണ്ടായത്.

3.3.18 ഈ ഗവൺമെന്റ് ഉത്തരവിലെ നിബന്ധനകൾക്കനുസൃതമായി അദ്ധ്യാപകരെ 1986 യു.ജി.സി. പദ്ധതിയിലേക്ക് ഇൻഡക്ട് ചെയ്തുകൊണ്ടും അർഹരായ എല്ലാ അദ്ധ്യാപകർക്കും 1996 യു.ജി.സി. പദ്ധതിയനുസരിച്ച് പ്രമോഷനുകൾ നൽകിക്കൊണ്ടും പുതുക്കിയ ഉത്തരവുകൾ സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള ഇൻഡക്ഷനുകളും പ്രമോഷനുകളും സർക്കാർ ഉത്തരവുകൾക്കനുസൃത മായിട്ടുള്ളതാണ്.

3.3.19 മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ 1986 യു.ജി.സി. പദ്ധതി നടപ്പിലാക്കിയപ്പോൾ യു.ജി.സി. യുടേയും കേരള സർക്കാരിന്റേയും മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള നടപടികൾ സർവ്വകലാശാല ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ട് എന്ന വസ്തുത സമിതിയുടെ മുമ്പാകെ ബോധ്യപ്പെടുത്തുന്നു.

3.3.20 അദ്ധ്യാപനവും ഗവേഷണവും ഉന്നത നിലവാരം പുലർത്തുവാൻ വേണ്ടി അദ്ധ്യാപകരുടെയും ശാസ്ത്രജ്ഞരുടേയും ജോലിഭാരം യു.ജി.സി. ചട്ടങ്ങളനുസരിച്ച് നിർണ്ണയിക്കുവാൻ നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 7-12-2005 തീയതിയിലെ 420-ാമത് യോഗതീരുമാന പ്രകാരം ഈ വിഷയം മേൽ നടപടികൾക്കായി എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. സർവ്വകലാശാല ഭരണസമിതി നിർദ്ദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവ്വകലാശാലയിലെ ഡീൻ, അസോസിയേറ്റ് ഡീൻ, ഡയറക്ടർ എന്നീ പദവിയിലുള്ള തലവന്മാരുടെ യോഗം വിളിച്ചുകൂട്ടുകയും 23-8-2006-ന് ചേർന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവ്വകലാശാലയിലെ വിവിധ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ പുനർ നിർണ്ണയം ചെയ്യുതായ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. 15-10-2007-ൽ കൂടിയ 444-ാമത് ഭരണസമിതി യോഗം ടി പഠന റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി. തീരുമാനങ്ങളെല്ലാം എടുത്തത് അക്കാദമിക് കൗൺസിൽ, ഭരണസമിതി എന്നിവയാണ്. ഈ തീരുമാനങ്ങൾ നടപ്പാക്കുക മാത്രമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചെയ്തത്. ആയതിനാൽ അധികവേതനം അനുവദിച്ചവർക്കെതിരെയുള്ള നടപടി ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട സമിതിയോട് അഭ്യർത്ഥിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.3.21 അക്കാദമിക്ക് കൗൺസിലിന്റെ ഉത്തരവ് നമ്പർ അക്കാഡ്/എ 2/12513/96 തീയതി 13-6-1996 പ്രകാരമാണ് ഇന്റേണൽ എക്സാമിനേഷനിന് അധിക വേതനം നൽകിയതെന്നും, ഇക്കാര്യം യു.ജി.സി. പദ്ധതിക്ക് വിരുദ്ധമായതിനാൽ അക്കാദമിക്ക് കൗൺസിൽ തിരുത്തൽ നടപടി എടുക്കണമെന്നാവശ്യപ്പെട്ടതായും, കൃഷി വകുപ്പിന്റെ നടപടിപത്രികയിൽ പറയുന്നു. അക്കാദമിക് കൗൺസിൽ തിരുത്തൽ നടപടി എടുത്തതിന്റെ വിശദാംശം ലഭ്യമായിട്ടില്ല. എന്നാൽ അധിക തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വരുന്നുണ്ട്. 19-3-2007-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ ഉണ്ടായതിനാൽ മറുപടി അംഗീകരിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 20</u>

<u>ശിപാർശ</u>

3.4.1 കാർഷിക സർവ്വകലാശാല റിസർച്ച് ഡയറക്ടറുടെ മറുപടി തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ തെങ്ങുംതൈകൾ വെട്ടിനശിപ്പിക്കാനും ചെലവ് എഴുതിത്തള്ളാനും ഉത്തരവ് നൽകിയ കാർഷിക സർവ്വകലാശാല റിസർച്ച് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 മേൽ നടപടി ആവശ്യമില്ല.

<u>ഖണ്ഡിക നമ്പർ 21, 22</u>

<u>ശിപാർശ</u>

3.5.1 ഡയറക്ടറുടെ വിശദീകരണം സമിതി അംഗീകരിച്ചു

3.5.2 സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും ധനസഹായം അനുവദിക്കണമെന്നും അദ്ധ്യാപകർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിലേക്ക് പദ്ധതിയിനത്തിൽ നിന്നും പണം വകമാറ്റി ചെലവഴിക്കരുതെന്നും സർവ്വകലാശാലയുടെ പരിധിയിലുള്ള ഫലഭൂയിഷ്ഠമായ പല പ്രദേശങ്ങളും തരിശിട്ടിരിക്കുകയാണെന്നും പത്ത് ശതമാനം സ്ഥലം മാത്രമേ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നുള്ളുവെന്നും ആയതിനാൽ, ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തരിശിട്ടിരിക്കുന്ന പ്രദേശങ്ങൾ കൂടി കൃഷിക്ക് ഉപയുക്തമാക്കണമെന്നും വിഭവ സമാഹരണം ഊർജ്ജിതമാക്കുവാനുള്ള നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.3 ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി തരിശിട്ടിരിക്കുന്ന പ്രദേശങ്ങൾ കൂടി കൃഷിക്ക് ഉപയുക്തമാക്കാമെന്നും, ഗവേഷണ വിഭാഗം മേധാവി അറിയിച്ചിട്ടുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി 18-11-2005-നും അതിനുമുമ്പും വിവിധ ഗവേഷണ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടി മേൽപ്പറഞ്ഞ നടപടിക്കായി നിർദ്ദേശം നൽകി. തൊഴിലാളികളുടെ എണ്ണത്തിലുള്ള അപര്യാപ്തത ഇക്കാര്യത്തിൽ ഒരു തടസ്സമാണെങ്കിലും സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതാണെന്ന് കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.5.4 സർവ്വകലാശാലയുടെ ആഭ്യന്തരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 25, 26, 27</u>

<u>ശിപാർശ</u>

3.6.1 റെയ്ഡ്കോയുടെ ജാക്ക്ഫ്രൂട്ട് ഹാർവെസ്റ്ററിന് 100 രൂപ മാത്രം വിലയുള്ളപ്പോൾ 500 രൂപയോളം വില നൽകി സർവ്വകലാശാലയുടെ ഉപകരണം ആരെങ്കിലും വാങ്ങുമെന്ന് കരുതാനാവില്ലെന്നും ആയതിനാൽ 22,731 രൂപ ചെലവഴിച്ചത് ദുർവ്യയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.6.2 ആകെ അനുവദിച്ച 1,50,000 രൂപയിൽ 1,27,269 രൂപ ചെലവഴിച്ചതായി കണ്ടെത്താത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.6.3 കാർഷിക മേഖലയിൽ നൂതനമായ പരിഷ്കരണങ്ങൾ കണ്ടെത്തുന്നതിന് സർക്കാർ അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കാതിരിക്കുന്നത് ഗുരുതരമായ അനാസ്ഥയാണെന്നും ഇനിയെങ്കിലും ഇത്തരം പദ്ധതി ആരംഭിക്കുമ്പോൾ അതു സംബന്ധമായ വിവിധ വശങ്ങളെപ്പറ്റി സമഗ്രമായ പഠനം നടത്തി പ്രായോഗികമാണെന്ന് ബോധ്യപ്പെട്ടാലേ ആരംഭിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.4 മരത്തിൽ നിന്ന് താഴെയിറക്കാനുള്ള ബുദ്ധിമുട്ടും, മരത്തിൽ നിന്നും ഇറക്കുമ്പോഴുള്ള അപായ സാധ്യതയും നിമിത്തം 20 ലക്ഷം ടണ്ണോളം ചക്ക കേരളത്തിന് നഷ്ടമാകുന്നുണ്ട്. ഇതിനൊരു പരിഹാരമാകത്തക്ക വിധത്തിൽ സ്ത്രീകൾക്കുകൂടി ഉപയോഗിക്കാവുന്ന ഒരു ഉപകരണം വികസിപ്പിച്ചെടുക്കണമെന്ന് അന്നത്തെ വൈസ് ചാൻസിലറും, ഗവേഷണ വിഭാഗം മേധാവിയും നിർദ്ദേശിച്ച പ്രകാരം വളരെ നാളത്തെ പരിശ്രമ ഫലമായിട്ടാണ് ഉയരങ്ങളിൽ നിന്നും പഴുത്ത ചക്ക പോലും കേടുകൂടാതെ താഴെ നിന്നുകൊണ്ട് വലസഞ്ചിയിൽ ഇറക്കാവുന്ന നൂതന ഉപകരണം വികസിപ്പിച്ചെടുത്തത്. ഇത്തരം ഒരു ഉപകരണം ഇതല്ലാതെ ഇന്നും ലോകത്തില്ല. എന്നാൽ ഈ ഉപകരണം നേരിൽ കാണാത്ത പലരും ഇത് പരമ്പരാഗത വലത്തോട്ടിയാണെന്ന് തെറ്റിദ്ധരിച്ചതാണ് ഈ തടസ്സത്തിനും, തുടർന്നുള്ള വിശദീകരണങ്ങൾക്കും കാരണം. പല മേളകളിലും പ്രദർശിപ്പിച്ച ഈ ഉപകരണം കർഷകരുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. തികച്ചും മൗലികമായ രൂപകൽപ്പനയാണ് ഇതിനുള്ളത്. റെയ്ഡ്കോ ഉൽപ്പാദിപ്പിക്കുന്ന ചക്കയിറക്ക് യന്ത്രം തവനൂർ കെ.സി.എ.ഇ.ടി.യിൽ വികസിപ്പിച്ചത് തന്നെയാണ്. റെയ്ഡ്കോ ഈ ഉപകരണം വിൽക്കുന്നത് 100 രൂപയ്ക്കല്ല, 1,500 രൂപയ്ക്കാണ്.

3.6.5 പ്രോജക്ടിനുവേണ്ടി ചെലവഴിച്ചത് 69,299 രൂപയാണ്. മറ്റ് ഗവേഷണ പദ്ധതികളുടെ അടങ്കലും, ചെലവും വച്ച് നോക്കുമ്പോൾ ഇത് അസ്വാഭാവികമല്ലെന്ന് ബോധിപ്പിക്കട്ടെ.

3.6.6 ഓരോ പ്രോജക്ടും അതത് കോ-ഓർഡിനേഷൻ ഗ്രൂപ്പിൽ വിശദമായി ചർച്ച ചെയ്ത് ഉചിതമായതു മാത്രം തുടർന്ന് ഫാക്കൽറ്റി റിസർച്ച് കമ്മിറ്റിയിൽ കൂടുതൽ ചർച്ചകൾക്ക് വിധേമാക്കിയതിനുശേഷമാണ് അംഗീകരിക്കാറുള്ളത്. ഇപ്രകാരം വിശദമായ ചർച്ചയ്ക്കുശേഷം അംഗീകരിക്കുന്ന പദ്ധതികളാണ് യൂണിവേഴ്സിറ്റി നടപ്പിലാക്കുന്നത്. എന്നിരുന്നാലും കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാമെന്ന് ഉറപ്പ് നൽകുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.6.7 പ്രസ്തുത പദ്ധതിക്ക് 1,50,000 രൂപയുടെ അടങ്കലും ഭരണാനുമതിയുമാണ് ലഭിച്ചതെങ്കിലും 2,00,000 രൂപ കൃഷി വകുപ്പ് അനുവദിച്ച് നൽകുകയുണ്ടായി. അതിൽ നിന്നും 69,299 രൂപ പ്രോജക്ടിനായി ചെലവഴിക്കുകയും ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടുമുണ്ട്.

3.6.8 അവശേഷിക്കുന്ന 1,30,701 രൂപ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ഉത്തരവാദികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.6.9 കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.6.10 മരത്തിൽ നിന്ന് താഴെയിറക്കാനുള്ള ബുദ്ധിമുട്ടും, മരത്തിൽ നിന്നും ഇറക്കുമ്പോഴുള്ള അപായ സാധ്യതയും നിമിത്തം 20 ലക്ഷം ടണ്ണോളം ചക്ക കേരളത്തിന് നഷ്ടമാകുന്നുണ്ട്. ഇതിനൊരു പരിഹാരമാകത്തക്ക വിധത്തിൽ സ്ത്രീകൾക്കുകൂടി ഉപയോഗിക്കാവുന്ന ഒരു ഉപകരണം വികസിപ്പിച്ചെടുക്കണമെന്ന് അന്നത്തെ വൈസ് ചാൻസിലറും, ഗവേഷണ വിഭാഗം മേധാവിയും നിർദ്ദേശിച്ച പ്രകാരം വളരെ നാളത്തെ പരിശ്രമ ഫലമായിട്ടാണ് ഉയരങ്ങളിൽ നിന്നും പഴുത്ത ചക്ക പോലും കേടുകൂടാതെ താഴെ നിന്നുകൊണ്ട് വലസഞ്ചിയിൽ ഇറക്കാവുന്ന നൂതന ഉപകരണം വികസിപ്പിച്ചെടുത്തത്. ഇത്തരം ഒരു ഉപകരണം ഇതല്ലാതെ ഇന്നും ലോകത്തില്ല. എന്നാൽ ഈ ഉപകരണം നേരിൽ കാണാത്ത പലരും ഇത് പരമ്പരാഗത വലത്തോട്ടിയാണെന്ന് തെറ്റിദ്ധരിച്ചതാണ് ഈ തടസ്സത്തിനും, തുടർന്നുള്ള വിശദീകരണങ്ങൾക്കും കാരണം. പല മേളകളിലും പ്രദർശിപ്പിച്ച ഈ ഉപകരണം കർഷകരുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. തികച്ചും മൗലികമായ രൂപകൽപ്പനയാണ് ഇതിനുള്ളത്. റെയ്ഡ്കോ ഉൽപ്പാദിപ്പിക്കുന്ന ചക്കയിറക്ക് യന്ത്രം തവനൂർ കെ.സി.എ.ഇ.ടി.യിൽ വികസിപ്പിച്ചത് തന്നെയാണ്. റെയ്ഡ്കോ ഈ ഉപകരണം വിൽക്കുന്നത് 100 രൂപയ്ക്കല്ല, 1,500 രൂപയ്ക്കാണ്.

3.6.11 പ്രോജക്ടിനുവേണ്ടി ചെലവഴിച്ചത് 69,299 രൂപയാണ്. മറ്റ് ഗവേഷണ പദ്ധതികളുടെ അടങ്കലും, ചെലവും വച്ച് നോക്കുമ്പോൾ ഇത് അസ്വാഭാവികമല്ലെന്ന് ബോധിപ്പിക്കട്ടെ.

3.6.12 ഓരോ പ്രോജക്ടും അതത് കോ-ഓർഡിനേഷൻ ഗ്രൂപ്പിൽ വിശദമായി ചർച്ച ചെയ്ത് ഉചിതമായതു മാത്രം തുടർന്ന് ഫാക്കൽറ്റി റിസർച്ച് കമ്മിറ്റിയിൽ കൂടുതൽ

ചർച്ചകൾക്ക് വിധേയമാക്കിയതിനുശേഷമാണ് അംഗീകരിക്കാറുള്ളത്. ഇപ്രകാരം വിശദമായ ചർച്ചയ്ക്കുശേഷം അംഗീകരിക്കുന്ന പദ്ധതികളാണ് യൂണിവേഴ്സിറ്റി നടപ്പിലാക്കുന്നത്. എന്നിരുന്നാലും കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാമെന്ന് ഉറപ്പ് നൽകുന്നു.

3.6.13 കേരളത്തിലെ ഗ്രാമങ്ങളിൽ താഴെ വീണ് നശിച്ചുപോകുന്ന ചക്ക പറിക്കുവാൻ ഇന്നും വിജയകരമായി ഉപയോഗിച്ചുവരുന്ന ഈ ഉപകരണം കാർഷിക സർവ്വകലാശാലയുടെ തനതായ കണ്ടുപിടിത്തമാണ്. മിക്ക പദ്ധതികളിലും കുറച്ചെങ്കിലും പൈസ ബാക്കിയാവുക തികച്ചും സ്വാഭാവികമാണ്. അത് കാലാകാലങ്ങളിൽ തിരിച്ചടയ്ക്കുകയും വീണ്ടും പുതിയ പദ്ധതികൾ പ്രസ്തുത ധനസഹായ ഏജൻസി അനുവദിക്കാറുമാണ് പതിവ്. ഇത് അനാസ്ഥയോ കുറ്റകരമോ ആയി കണക്കാക്കരുതെന്ന് താഴ്മയായി അപേക്ഷിക്കുന്നു. മാത്രവുമല്ല ഈ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ വർഷങ്ങൾക്കു മുമ്പ് റിട്ടയർ ചെയ്യുകയും പദ്ധതിയുടെ ബാക്കി തുക ബന്ധപ്പെട്ട ധനകാര്യസ്ഥാപനത്തിന് തിരിച്ചടയ്ക്കുകയും ചെയ്തിരിക്കയാണ്.

3.6.14 മേൽ സാഹചര്യങ്ങളിൽ തുടർ നടപടി ഒഴിവാക്കിത്തരുവാൻ ബഹുമാനപ്പെട്ട സമിതിയോട് സവിനയം അഭ്യർത്ഥിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.6.15 മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ അംഗീകരിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 29</u>

<u>ശിപാർശ</u>

3.7.1 ഇതുസംബന്ധിച്ച ഫയലുകളെല്ലാം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ അധികവിവരങ്ങളൊന്നും തന്നെയില്ല. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് ശ്രീമതി കെ. ഗീതാമണി എന്ന ഡെപ്യൂട്ടി ഡയറക്ടറാണെന്ന വിവരം മാത്രമാണ് അറിയിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ഫയലുകളും ഇതുസംബന്ധിച്ച റിപ്പോർട്ടും സർവ്വകലാശാല സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കൺസ്യൂമർ നമ്പർ 3583 പ്രകാരമുള്ള ഇലക്ട്രിക് കണക്ഷൻ കാർഷിക കോളേജ് സ്ഥാപിതമായതു മുതൽ തന്നെ നിലവിലുണ്ടായിരുന്നതായാണ് മനസ്സിലാകുന്നത്. ആവിർഭാവ കാലഘട്ടം മുതൽ തന്നെ

ഈ കണക്ഷനിലുള്ള പമ്പ് സെറ്റിലൂടെയാണ് കാർഷിക കോളേജിലെ ജലത്തിന്റെ ആവശ്യം നിർവ്വഹിക്കുന്നത്. കാർഷിക ജലസേചനത്തിനായി ഈ കണക്ഷൻ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടുതന്നെ കാർഷികേതര ആവശ്യത്തിനായുള്ള നിരക്കിലാണ് ഇലക്ട്രിക് ചാർജ്ജ് അടച്ചുവരുന്നത്.

3.7.3 325-ഓളം വിദ്യാർത്ഥികളുടേയും അവർക്ക് വേണ്ടിയുള്ള മൂന്ന് ഹോസ്റ്റലുകളിലേയും, ആയിരത്തോളം വരുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും, 86 ക്വാർട്ടേഴ്സുകളിലായി നിവസിക്കുന്ന അന്തേവാസികളുടേയും, 15 അദ്ധ്യയന കേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്ന ലബോറട്ടറികളിലേയും മറ്റും ആവശ്യത്തിനായി ഈ പമ്പ് സെറ്റിൽ നിന്നാണ് ജലവിതരണം നടത്തുന്നത്.

3.7.4 കാർഷിക സർവ്വകലാശാല സ്ഥാപിതമായി മൂന്ന് നാല് വർഷങ്ങൾക്ക് ശേഷമാണ് കാർഷിക സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പ്രവർത്തിച്ചുതുടങ്ങിയത്. അതിനാൽ ഓഡിറ്റ് മൂന്ന് നാല് വർഷം കുടിശ്ശികയായിരുന്നു. ഈ കുടിശ്ശിക തീർക്കുന്നതിന്റെ ഭാഗമായി രണ്ട് വർഷങ്ങളിലെ കണക്കുകൾ ഒരുമിച്ച് ഓഡിറ്റ് ചെയ്യുവാൻ ഇടക്കാലത്ത് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി 1999-2000, 2001-02 വർഷങ്ങളിലെ ഓഡിറ്റ് ഒരു വർഷമാണ് ഏറ്റെടുത്തത്. അതുകൊണ്ടാണ് ഒരേ പരാമർശം ഈ വർഷങ്ങളിലെ റിപ്പോർട്ടിൽ ഉൾക്കൊള്ളാനിടയായത്.

**മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പിൻവലിക്കണമെന്ന് അപേക്ഷിക്കുന്നു.**

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.7.5 സമിതി നിർദ്ദേശാനുസരണമുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. സർവ്വകലാശാല സ്വീകരിച്ചതായ നടപടി വിശദീകരണ പത്രികയിൽ പറയുന്നവ ടി ഖണ്ഡികയിലെ നിർദ്ദേശങ്ങളുമായി ബന്ധമില്ലാത്തതാണ്.

നിയമസഭാ സമിതി ആവശ്യപ്പെട്ട പ്രകാരം ബന്ധപ്പെട്ട ഫയലുകൾ സമിതിയുടെ പരിശോധനയ്ക്ക് സർവ്വകലാശാല അധികൃതർ ഹാജരാക്കിയതായി കാണുന്നില്ല.

<u>ഖണ്ഡിക നമ്പർ 32</u>

<u>ശിപാർശ</u>

3.8.1 വിശദീകരണം സമിതി അംഗീകരിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 മേൽ നടപടി ആവശ്യമില്ല.

ഖണ്ഡിക നമ്പർ 34, 35

ശിപാർശ

3.9.1 ഗവേഷണത്തിനുള്ള സർവ്വകലാശാല ഫണ്ട് വൈദ്യുതി കണക്ഷനെടുക്കാനുപയോഗിച്ചത് ഗുരുതരമായ ക്രമക്കേടാണെന്നും ഇത് സർവ്വകലാശാലയുടെ ഭരണത്തിൽ വന്ന വീഴ്ചയാണെന്നും ഒ. വൈ. ഇ. സ്കീമാണെങ്കിൽ പോലും ഇത്രയും വലിയ നഷ്ടം വരില്ലായിരുന്നെന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചതിനുശേഷം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.9.2 വളരെ വർഷങ്ങളായി സർവ്വകലാശാലയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പ്രത്യേകം മീറ്ററുകൾ സ്ഥാപിച്ചാൽ പരിഹരിക്കപ്പെടും എന്നറിഞ്ഞിട്ടും അതിന് നടപടി സ്വീകരിക്കാതെ ഇത്രയും കാലവിളംബം വരുത്തിയ സർവ്വകലാശാല ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.3 പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ കൺസ്യൂമർ നമ്പർ 7816-ലെ അധികരിച്ച വൈദ്യുതി ചാർജ്ജ് ബന്ധപ്പെട്ട ക്വാർട്ടേഴ്സ് നിവാസികളിൽ നിന്ന് പിരിച്ചെടുക്കാൻ സാധിക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സുകളിൽ പ്രത്യേകം പ്രത്യേകം മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ആദ്യഘട്ടം എന്ന നിലയ്ക്ക് 'സി' ബ്ലോക്കിലെ 24 ക്വാർട്ടേഴ്സുകൾക്ക് 18-1-2005 നുള്ളിൽ പ്രത്യേകം മീറ്ററുകൾ സ്ഥാപിക്കുകയുണ്ടായി. അടുത്ത ഘട്ടത്തിൽ ആറ് ക്വാർട്ടേഴ്സുകൾക്കുകൂടി പ്രത്യേകം മീറ്ററുകൾ സ്ഥാപിച്ചു. ബാക്കിയുള്ള 28 ക്വാർട്ടേഴ്സുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനായി നിലവിലുള്ള ഓവർഹെഡ് ലൈനുകൾ ഇലക്ട്രിസിറ്റി ബോർഡിലേക്ക് കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ഈ നടപടികൾ പൂർത്തിയാക്കി 30-1-2007-ന് ബാക്കിയുള്ള 28 ക്വാർട്ടേഴ്സുകൾക്കുകൂടി പ്രത്യേകം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. 7816 നമ്പർ കോളനി സിസ്റ്റത്തിലുള്ള കൺസ്യൂമർ നമ്പർ 30-7-2006-ൽ വിച്ഛേദിക്കുകയും ചെയ്തു. ക്വാർട്ടേഴ്സുകളിൽ പ്രത്യേകം മീറ്റർ സ്ഥാപിച്ചതുമുതൽ വൈദ്യുതി ചാർജ്ജ് ക്വാർട്ടേഴ്സ് നിവാസികൾ ഉപയോഗിക്കുന്നതിനനുസരിച്ച് നേരിട്ട് പട്ടാമ്പി ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചുവരികയാണ്.

3.9.4 കണക്ഷനുകൾ മാറ്റിയെടുക്കാൻ നടപടികൾ കഴിയുംവേഗം കൈക്കൊണ്ടെങ്കിലും, സാങ്കേതിക കാരണങ്ങളാൽ ഇക്കാര്യത്തിൽ ചില തടസ്സങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രത്യേക മീറ്റർ കണക്ഷൻ ലഭ്യമാക്കുന്നതിന് താമസം വന്നതിന് പ്രത്യേകിച്ച് ഒരു വ്യക്തിയെ കുറ്റപ്പെടുത്താനാവില്ലെന്നതിനാലും, കൂടുതൽ വന്ന വൈദ്യുതി ചാർജ്ജ് താമസക്കാരിൽ നിന്ന് ഈടാക്കുന്നത് ശരിയല്ലാത്തതിനാലും ഇക്കാര്യത്തിൽ വന്ന വീഴ്ച പൊറുക്കണമെന്ന്

അപേക്ഷിക്കുന്നു. ഇത്തരം പാളിച്ചകൾ മേലിൽ സംഭവിക്കാതിരിക്കാൻ അതീവ ജാഗ്രത പുലർത്തുന്നതാണ്. പ്രത്യേക മീറ്ററുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയായതിനാൽ ഇക്കാര്യത്തിലുള്ള എതിർപ്പ് പിൻവലിക്കുവാൻ അഭ്യർത്ഥിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.9.5 ഗവേഷണത്തിനുള്ള സർവ്വകലാശാല ഫണ്ട് ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ എടുക്കുകവഴി ഗുരുതരമായ കൃത്യവിലോപം വരുത്തിയവർക്കെതിരായി നടപടി സ്വീകരിച്ചതായി കാണുന്നില്ല.

3.9.6 ക്വാർട്ടേഴ്സുകൾക്ക് പ്രത്യേകം മീറ്ററുകൾ സ്ഥാപിക്കുന്നതിൽ കാലവിളംബം വരുത്തിയതുമൂലം വർഷങ്ങളായി സർവ്വകലാശാലയ്ക്ക് നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.

3.9.7 നിലവിൽ ക്വാർട്ടേഴ്സുകൾക്ക് പ്രത്യേകം മീറ്ററുകൾ ഉപയോഗിക്കുന്നത് പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

ഖണ്ഡിക നമ്പർ 37

ശിപാർശ

3.10.1 തൃശ്ശൂരിൽ നിന്ന് വാങ്ങിയ വണ്ടിക്ക് പ്രവേശന നികുതി അടയ്ക്കേണ്ട കാര്യമില്ലെന്നും ഡി.ജി.എസ്. ആന്റ് ഡി. യുടെ റേറ്റ് കോൺട്രാക്ട് അനുസരിച്ച് സംസ്ഥാനത്തിനകത്തുനിന്നുള്ള പർച്ചേസ് ആകയാൽ പ്രവേശന നികുതിയിനത്തിൽ അടച്ച തുക തിരികെ വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 ബഹു. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രവേശന നികുതിയിനത്തിൽ സർക്കാരിലേക്ക് അടച്ച തുക തിരിച്ച് നൽകുവാൻ 20-1-2006-ലെ എ 5/495/99(i) കത്തുമുഖേന തൃശ്ശൂർ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസറോട് അഭ്യർത്ഥിച്ചിരുന്നു. പക്ഷെ തൃശ്ശൂർ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണറുടെ കത്ത് നമ്പർ R9/698/06 തീയതി 21-2-2006 പ്രകാരം തൃശ്ശൂരിലെ M/s മരയ്ക്കാർ മോട്ടേഴ്സ് ഈ കേസിൽ വിൽപ്പനക്കാരനല്ലെന്നും മറിച്ച് ട്രാൻസ്പോർട്ടർ മാത്രമാണ് എന്ന കാരണം ചൂണ്ടിക്കാട്ടി സർവ്വകലാശാല പ്രവേശന നികുതി അടയ്ക്കുവാൻ ബാധ്യസ്ഥമാണ് എന്നറിയിച്ചിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.10.3 കാർഷിക സർവ്വകലാശാല പ്രവേശന നികുതി അടയ്ക്കാൻ ബാധ്യസ്ഥമാണെന്ന് തൃശ്ശൂർ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ സർവ്വകലാശാലയ്ക്ക് മറുപടി നൽകി. ഈയിനത്തിൽ അടച്ച തുക തിരികെ ലഭിക്കാൻ സാധ്യതയില്ലാത്തതിനാലും സമിതി നിർദ്ദേശാനുസരണമുള്ള നടപടി സ്വീകരിച്ചതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 40, 41</u>

<u>ശിപാർശ</u>

3.11.1 സമിതിയുടെ നിർദ്ദേശപ്രകാരം ലഭ്യമാക്കിയ പുന:പരിശോധനാ റിപ്പോർട്ടിലും ആദ്യം സമർപ്പിച്ച മറുപടിയിലുപരി അധിക വിവരങ്ങളൊന്നും നൽകിയിട്ടില്ലാത്തത് സർവ്വകലാശാലയുടെ കെടുകാര്യസ്ഥതയ്ക്കുള്ള ഉത്തമോദാഹരണമാണെന്നത് സമിതി വിലയിരുത്തുന്നു.

3.11.2 ആദ്യം ലഭിച്ച മറുപടിയിൽ എതിർപ്പ് പിൻവലിച്ചുവെന്ന് പറയുകയും പുനഃപരിശോധനാ റിപ്പോർട്ടിൽ എതിർപ്പ് ഒഴിവാക്കിയിട്ടില്ല എന്ന മറുപടി നൽകുകയും ചെയ്തതിൽ നിന്നും സർവ്വകലാശാല, ഓഡിറ്റ് പരാമർശത്തെക്കുറിച്ച് വ്യക്തമായി പഠിക്കാതെയും പരിഗണിക്കാതെയുമാണ് മറുപടി നൽകിയിട്ടുള്ളതെന്ന് മനസ്സിലാക്കാം.

3.11.3 ഓഡിറ്റ് തടസ്സങ്ങൾക്ക് അർഹിക്കുന്ന ഗൗരവം നൽകുന്നതിനും യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും വകുപ്പുതല നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.4 ഫാമിൽ ബാക്കി വന്ന നെൽവിത്ത് വിറ്റഴിക്കുവാൻ കഴിയാവുന്ന തരത്തിലുള്ള എല്ലാ ശ്രമങ്ങളും നടത്തിയിട്ടും വിത്ത് വിൽക്കുവാൻ കഴിഞ്ഞില്ല. ഈ വിത്തിന്റെ ജർമിനേഷൻ ശതമാനം അനുവദനീയമായതിൽ കുറഞ്ഞതിനാൽ സർവ്വകലാശാല റിസർച്ച് ഡയറക്ടറുടെ സമ്മതത്തോടെ (ഗവേഷണ വിഭാഗം മേധാവിയുടെ R4/65206/01/K.DIS dtd. 7-3-2001 നമ്പർ ഉത്തരവ്) വിത്ത് ബൾക്ക് പാഡിയാക്കി മാറ്റുകയും ലേലത്തിൽ വിറ്റ തുക സർവ്വകലാശാല അക്കൗണ്ടിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാൽ യൂണിവേഴ്സിറ്റിയ്ക്കുണ്ടായ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട്സ് കമ്മിറ്റി ഈ എതിർപ്പ് പിൻവലിച്ചിട്ടുണ്ട്.

3.11.5 മേൽ സാഹചര്യത്തിൽ ഇതുസംബന്ധിച്ച എതിർപ്പ് തുടരരുതെന്ന് അപേക്ഷിക്കുന്നു.

3.11.6 സർവ്വകലാശാലയുടെ 8-12-2005-ലെ എസ്.എ.I.എ/754/04 നമ്പർ സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.11.7 പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിയതായി സർവ്വകലാശാല അവകാശപ്പെടുന്നുണ്ടെങ്കിലും ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ ഒന്നുംതന്നെ സർവ്വകലാശാല ഹാജരാക്കിയിട്ടില്ല.

3.11.8 സമിതി നിർദ്ദേശത്തെത്തുടർന്ന് ഓഡിറ്റ് പരാമർശങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർവ്വകലാശാല സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതിയുടെ പരാമർശങ്ങൾക്ക് യഥാസമയം വ്യക്തവും കൃത്യവുമായ മറുപടി നൽകുന്നതിൽ കാർഷിക സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.11.9 സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് നൽകാനുള്ള നടപടി സ്വീകരിക്കുക.

3.11.10 ഓഡിറ്റ് തടസ്സങ്ങൾക്ക് അർഹിക്കുന്ന ഗൗരവം നൽകുന്നതിനും യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും, വകുപ്പുതല നിർദ്ദേശം നൽകി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

<u>കൃഷി വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരങ്ങൾ</u>

3.11.11 സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെടുകയും അവർ നെല്ല് എടുക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സർവ്വകലാശാല സ്റ്റേഷൻ മേധാവികൾക്കെല്ലാം ഇതുസംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

3.11.12 ഇതിനെത്തുടർന്ന് ചാലക്കുടി കാർഷിക ഗവേഷണ കേന്ദ്രം 5 ടൺ മട്ടത്രിവേണി സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകുവാനുള്ള അനുമതി സർവ്വകലാശാല ആസ്ഥാനത്തുനിന്ന് നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ അപേക്ഷിക്കുന്നു.

3.11.13 സർവ്വകലാശാലയുടെ 8-12-2005-ലെ എസ്.എ.I.എ/754/04 നമ്പർ സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. 23-11-2012-ലെ സർക്കാർ കത്ത് നമ്പർ 35464/എ.എഫ്.2/2012/കൃഷി മുഖേന ഓഡിറ്റ് തടസ്സങ്ങൾക്ക് അർഹിക്കുന്ന ഗൗരവം നൽകി യഥാസമയം മറുപടി ലഭ്യമാക്കുവാൻ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർക്കും കംപ്ട്രോളർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.11.14 മറുപടി പരിഗണിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

ഖണ്ഡിക നമ്പർ 43

ശിപാർശ

3.12.1 വിശദീകരണം സമിതി അംഗീകരിച്ചു

സർക്കാർ സ്വീകരിച്ച നടപടി

3.12.2 മേൽനടപടി ആവശ്യമില്ല.

ഖണ്ഡിക നമ്പർ 45, 46, 47, 48

ശിപാർശ

3.13.1 കാർഷിക സർവ്വകലാശാലയിൽ ഫാമിലെ സ്ഥിരം തൊഴിലാളികളെ കൃഷി ഇതര ജോലി ചെയ്യുന്നതിനായി നിയോഗിക്കുന്നതുമൂലമാണ് ഫാമിലെ ജോലിക്ക് പുറത്തുനിന്നും ആളെ നിയോഗിക്കേണ്ടിവരുന്നതെന്നും അധിക ചെലവ് വരുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.13.2 ഫാമുകളുടെ ആവശ്യത്തിലേക്കായി നിയമിച്ചിട്ടുള്ള വൈദഗ്ധ്യമുള്ള തൊഴിലാളികളെ മറ്റ് ജോലികൾക്കായി നിയോഗിക്കുന്നത് ഫാമിലെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചേക്കാമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.13.3 ഫാമുകളിലേക്ക് തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ചും അവരുടെ ജോലിഭാരം സംബന്ധിച്ചുമുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത വ്യവസ്ഥകളിൽനിന്നും വ്യതിചലിച്ച് ഇതര ജോലികൾക്കായി അവരെ നിയോഗിക്കുകയും അതുവഴി സർവ്വകലാശാലയ്ക്ക് നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.13.4 സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിൽ ഫാമിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവരെ ഇപ്പോൾ ഏതുതരം ജോലിക്കായി വിനിയോഗിക്കുന്നു എന്നതിനെക്കുറിച്ചും അന്വേഷിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുന്ന കാർഷിക സർവ്വകലാശാല അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണെന്നും വിദഗ്ധരായ ഫാം തൊഴിലാളികളെ കാർഷികേതര ഡിപ്പാർട്ടുമെന്റിലെ ജോലിക്കായി നിയോഗിക്കുന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.5 സമയബന്ധിതമായി ചെയ്തു തീർക്കാനുള്ള ഫാമിലെ ജോലികൾ (കൊയ്ത്ത്, നടീൽ, വിളവെടുക്കൽ എന്നിവ) ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള ഫാമിലെ തൊഴിലാളികൾ മതിയാകാത്ത സാഹചര്യത്തിൽ മാത്രമാണ് ക്വട്ടേഷൻ അടിസ്ഥാനത്തിൽ പുറമെ നിന്നുള്ള പണിക്കാരെ വച്ച് ജോലി ചെയ്യിക്കുന്നത്.

3.13.6 യൂണിവേഴ്സിറ്റി ഫാം തൊഴിലാളികൾ ചെയ്യേണ്ട ജോലിത്തോത് 6-1-2006-ൽ ചേർന്ന സർവ്വകലാശാല ഭരണസമിതി നിശ്ചയിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

3.13.7 സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിൽ ഫാമിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവരെ ഇപ്പോൾ ഏതുതരം ജോലിക്കായി വിനിയോഗിക്കുന്നു എന്നതിനെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചിരുന്നു. വിദഗ്ധരായ ഫാം തൊഴിലാളികളെ കാർഷികേതര ജോലികൾക്കായി നിയോഗിക്കുന്നത് ഒഴിവാക്കണമെന്ന കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രാഥമിക നടപടിയായി സർവ്വകലാശാലയുടെ വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും സർവ്വകലാശാല ആസ്ഥാനത്ത് ഓഫീസ് ജോലിക്ക് നിയോഗിച്ചിരുന്ന മൂന്ന് ഫാം തൊഴിലാളികളുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദാക്കി 5-9-2007-ൽ തന്നെ അവരെ ഫാമിലെ ജോലിക്കായി തിരികെ അയച്ചിട്ടുണ്ട്.

3.13.8 കൂടാതെ ഫാം തൊഴിലാളികളെ കാർഷികേതര ജോലികൾക്കായി നിയോഗിച്ചിട്ടുള്ളത് അവസാനിപ്പിക്കണമെന്നും മേലാൽ അവരെ ഫാം ജോലികൾക്ക് മാത്രമേ നിയോഗിക്കാവൂ എന്നും 7-8-2009-ലെ ജി.എ/എഫ്2/30813/2005 നമ്പർ സർക്കുലർ മുഖാന്തരം എല്ലാ കേന്ദ്ര മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാലാ സർക്കുലർ അനുസരിച്ച് എടുത്ത നടപടികൾ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.13.9 സമയബന്ധിതമായി ചെയ്തുതീർക്കേണ്ട ഫാമിലെ ജോലികൾക്ക് (കൊയ്ത്ത്, നടീൽ, വിളവെടുപ്പ്) ഫാമിലെ തൊഴിലാളികൾ മതിയാകാതെ വരുമ്പോൾ മാത്രമാണ് പുറമെ നിന്നും ആളെ നിയോഗിക്കേണ്ടി വരുന്നതെന്ന സർവ്വകലാശാലയുടെ മറുപടി അംഗീകരിക്കാവുന്നതാണ്. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് ഫാമിലെ സ്ഥിരം തൊഴിലാളികളെ ഇതര ജോലിക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഫാമിലെ സ്ഥിരം തൊഴിലാളികളെ കാർഷികേതര ജോലികൾക്കായി നിയോഗിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന്, ബന്ധപ്പെട്ടവർക്ക് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 50, 51, 52, 53</u>

<u>ശിപാർശ</u>

3.14.1 അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും മാറ്റി നിർത്തിയ ഉദ്യോഗസ്ഥനെതിരെ സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടിയെടുക്കുന്നതിന് പകരം നിലവിലില്ലാത്തതും അധിക യോഗ്യത വേണ്ടതുമായ ഒരു തസ്തികയിൽ നിയമിച്ചത് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.14.2 ശ്രീ. ശബരീനാഥനെ ഡ്രൈവർ ജോലിയിൽ നിന്നും മാറ്റി നിർത്തുക യായിരുന്നു ഉദ്ദേശമെന്ന് പറയുന്ന സർവ്വകലാശാല തന്നെ ടിയാന് ടാക്കർ ഡ്രൈവറായി നിയമനം നൽകി എന്നതിൽ നിന്നും സർവ്വകലാശാലയുടെ നടപടി ദുരുപദിഷ്ടമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.14.3 സർവ്വകലാശാലയുടെ ഒരു ജീവനക്കാരന് അയാളുടെ ജോലിയുമായി ബന്ധപ്പെട്ട് നിശ്ചിത യോഗ്യതയുണ്ടോയെന്നുപോലും നോക്കാതെ നിയമിച്ച നടപടി, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഔദ്യോഗിക നിർവ്വഹണത്തിൽ വരുത്തിയ ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.14.4 സർവ്വകലാശാലയിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിലെ കെടുകാര്യസ്ഥതയാണ് ഈ സംഭവം വെളിപ്പെടുത്തുന്നതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വകുപ്പുതല നിരീക്ഷണം ആവശ്യമാണെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.5 ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ടി ഉദ്യോഗസ്ഥനെ ഓഫീസിലെ മറ്റ് ജോലികൾക്കായി നിയോഗിക്കുകയുണ്ടായി എന്ന് അറിയിക്കട്ടെ. മേലിൽ ഇത്തരം വീഴ്ച സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

3.14.6 ബഹുമാനപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ അല്ലാതെ മേലിൽ നിയമനങ്ങൾ നടത്തരുതെന്ന് ഓഫീസ് മേലധികാരികൾക്കും സർവ്വകലാശാല സർക്കുലർ No. GA.B3/39209/2005(i) തീയതി 4-1-2006 മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല നിരീക്ഷണം എന്ന സമിതിയുടെ നിർദ്ദേശം സർവ്വകലാശാലാ തലത്തിൽ രജിസ്ട്രാറുടെ ഓഫീസിൽ നടപ്പിലാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.14.7 നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അനുവദിക്കപ്പെട്ട തസ്തികകളിൽ അല്ലാതെ നിയമനങ്ങൾ നടത്തരുതെന്ന് ഓഫീസ്/സ്റ്റേഷൻ മേലധികാരികൾക്ക് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വകുപ്പുതല നിരീക്ഷണം നടത്തുവാനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമല്ല.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.14.8 പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളുമായി ബന്ധപ്പെട്ട വകുപ്പുതല നിരീക്ഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.14.9 ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ടി ഉദ്യോഗസ്ഥനെ ഓഫീസിലെ മറ്റ് ജോലികൾക്കായി നിയോഗിക്കുകയുണ്ടായി എന്ന് അറിയിക്കട്ടെ.

3.14.10 ബഹുമാനപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ അല്ലാതെ മേലിൽ നിയമനങ്ങൾ നടത്തരുതെന്ന് ഓഫീസ് മേലധികാരികൾക്കും സർവ്വകലാശാല സർക്കുലർ No. GA.B3/39209/2005(i) തീയതി 4-1-2006 മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല നിരീക്ഷണം എന്ന സമിതിയുടെ നിർദ്ദേശം സർവ്വകലാശാലാ തലത്തിൽ രജിസ്ട്രാറുടെ ഓഫീസിൽ നടപ്പിലാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട സമിതിയുടെ പരാമർശം വന്നതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. ശബരിനാഥൻ, ട്രാക്ടർ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിട്ടില്ല. കൂടാതെ സർവ്വീസിലിരിക്കേ അദ്ദേഹം 1-7-2012-ന് നിര്യാതനാകുകയും ചെയ്തു.

3.14.11 മേലിൽ ഇത്തരം വീഴ്ച സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.14.12 മറുപടി, നടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട സർക്കുലർ ഇവ പരിഗണിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

<u>ഖണ്ഡിക നമ്പർ 55, 56, 57, 58</u>

<u>ശിപാർശ</u>

3.15.1 1999-2000-ലും ഇതേ ഓഡിറ്റ് പരാമർശം ഉണ്ടായിരുന്നതായും സർവ്വകലാശാലയുടെ ജനറൽ കമ്മിറ്റിയുടെ സബ്കമ്മിറ്റിയായ അക്കൗണ്ട്സ് കമ്മിറ്റി ഇതു പരിശോധിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുകയും ചെയ്തതായി പറഞ്ഞിരിക്കുന്നു. എന്നാൽ ഇതേ പരാമർശം വീണ്ടും 2001-02-ലും ആവർത്തിച്ചിരിക്കുന്നു. ഒരു വിഷയത്തെ ആധാരമാക്കി ഒന്നിലധികം തവണ ഓഡിറ്റ് പരാമർശം ഉണ്ടായത് സർവ്വകലാശാലയുടെ ഭരണനിർവ്വഹണ തലത്തിലുള്ള നിരുത്തരവാദപരമായ സമീപനത്തെയാണ് കാണിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.15.2 പ്രസ്തുത പമ്പ് സെറ്റ് കാർഷികാവശ്യത്തിനാണോ കാർഷികേതര ആവശ്യത്തിനാണോ ഉപയോഗിക്കുന്നതെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന രേഖകൾ സൂക്ഷിക്കാത്തതും ഓഡിറ്റ് സമയത്ത് ഓഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന രേഖകൾ കൃത്യസമയത്ത് എത്തിക്കുന്നതിലും കാർഷിക സർവ്വകലാശാലാ അധികൃതർ ഗുരുതരമായ വീഴ്ച വരുത്തിയതായി സമിതി മനസ്സിലാക്കുന്നു.

3.15.3 1999-2000 ലേയും 2001-02 ലേയും ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയായി 11-4-2003-ലെ കാർഷിക സർവ്വകലാശാല അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പിൻവലിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ നിന്നും ഓഡിറ്റിന് യഥാസമയം മറുപടി നൽകുവാനും സർവ്വകലാശാല തയ്യാറല്ലെന്നാണ് അനുമാനിക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.15.4 കൃത്യമായ രേഖകൾ സൂക്ഷിക്കുക, യഥാസമയം ഓഡിറ്റിന് അവ എത്തിച്ചുകൊടുക്കുക, നിശ്ചിത സമയപരിധിക്കുള്ളിൽ ഓഡിറ്റിന് മറുപടി നൽകുക എന്നീ കാര്യങ്ങളിൽ വേണ്ടത്ര പ്രാധാന്യം കൊടുക്കാതിരിക്കുന്നതിലൂടെ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അട്ടിമറിക്കുവാനും അതിലൂടെ കാർഷിക സർവ്വകലാശാലയുടെ ഭരണപരവും പ്രവർത്തനപരവുമായ പാളിച്ചകൾ വെളിയിൽ വരാതിരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതീവ ശ്രദ്ധ പുലർത്തുന്നുവെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ സർവ്വകലാശാലയുടെ ഭരണതലത്തിൽ സമഗ്രമായ അഴിച്ചുപണിയും പുനഃക്രമീകരണങ്ങളും ആവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.15.5 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കൺസ്യൂമർ നമ്പർ 3583 പ്രകാരമുള്ള ഇലക്ട്രിക് കണക്ഷൻ കാർഷിക കോളേജ് സ്ഥാപിതമായതു മുതൽ തന്നെ നിലവിലുണ്ടായിരുന്നതായാണ് മനസ്സിലാകുന്നത്. ആവിർഭാവ കാലഘട്ടം മുതൽ തന്നെ ഈ കണക്ഷനിലുള്ള പമ്പ് സെറ്റിലൂടെയാണ് കാർഷിക കോളേജിലെ ജലത്തിന്റെ ആവശ്യം നിർവ്വഹിക്കുന്നത്. കാർഷിക ജലസേചനത്തിനായി ഈ കണക്ഷൻ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടുതന്നെ കാർഷികേതര ആവശ്യത്തിനായുള്ള നിരക്കിലാണ് ഇലക്ട്രിക് ചാർജ്ജ് അടച്ചുവരുന്നത്.

3.15.6 325-ഓളം വിദ്യാർത്ഥികളുടേയും അവർക്ക് വേണ്ടിയുള്ള മൂന്ന് ഹോസ്റ്റലുകളിലേയും, ആയിരത്തോളം വരുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും, 86 ക്വാർട്ടേഴ്സുകളിലായി നിവസിക്കുന്ന അന്തേവാസികളുടേയും, 15 അദ്ധ്യയന കേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്ന ലബോറട്ടറികളിലേയും മറ്റും ആവശ്യത്തിനായി ഈ പമ്പ് സെറ്റിൽ നിന്നാണ് ജലവിതരണം നടത്തുന്നത്.

3.15.7 കാർഷിക സർവ്വകലാശാല സ്ഥാപിതമായി മൂന്ന് നാല് വർഷങ്ങൾക്ക് ശേഷമാണ് കാർഷിക സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പ്രവർത്തിച്ചുതുടങ്ങിയത്. അതിനാൽ ഓഡിറ്റ് മൂന്ന് നാല് വർഷം കുടിശ്ശികയായിരുന്നു. ഈ കുടിശ്ശിക തീർക്കുന്നതിന്റെ ഭാഗമായി രണ്ട് വർഷങ്ങളിലെ കണക്കുകൾ ഒരുമിച്ച് ഓഡിറ്റ്

ചെയ്യുവാൻ ഇടക്കാലത്ത് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി 1999-2000, 2001-02 വർഷങ്ങളിലെ ഓഡിറ്റ് ഒരു വർഷമാണ് ഏറ്റെടുത്തത്. അതുകൊണ്ടാണ് ഒരേ പരാമർശം ഈ വർഷങ്ങളിലെ റിപ്പോർട്ടിൽ ഉൾക്കൊള്ളാനിടയായത്.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പിൻവലിക്കണമെന്ന് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.15.8 നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായ മറുപടി സർവ്വകലാശാല ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാലയുടെ ഭരണതലത്തിൽ വരുത്തേണ്ട അഴിച്ചുപണി പുനഃക്രമീകരണം എന്നിവയ്ക്ക് മറുപടി നൽകിയിട്ടില്ല.

ഖണ്ഡിക നമ്പർ 60, 61, 62, 63, 64, 65

ശിപാർശ

3.16.1 ലക്ഷക്കണക്കിന് രൂപയുടെ തിരിമറി നടത്തിയെന്ന് 2001-02-ലെ ഓഡിറ്റ് പരാമർശത്തിൽ ആരോപിക്കപ്പെട്ട ശ്രീമതി മേരിക്കെതിരെ അന്വേഷണം നടക്കുന്നു എന്ന് 12-5-2004-ൽ സമിതിക്ക് തെളിവ് നൽകുകയും രേഖാമൂലം സമിതിക്ക് നൽകിയ മറുപടിയിൽ ടിയാൾക്കെതിരെ ബാദ്ധ്യത നിശ്ചയിച്ച് നോട്ടീസ് നൽകിയെന്നും ഇതിനെതിരെ പ്രസ്തുത ഉദ്യോഗസ്ഥ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അപ്പീൽ നൽകിയെന്നും അതിന്മേൽ ടി കമ്മിറ്റി അന്വേഷണം നടത്തുവാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ടി ഉദ്യോഗസ്ഥയ്ക്ക് ബാദ്ധ്യത നിശ്ചയിച്ച് നോട്ടീസ് നൽകിയത്, ടിയാൾ അപ്പീൽ നൽകിയത്, എക്സിക്യൂട്ടീവ് കമ്മിറ്റി അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയത് എന്നിവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് പ്രസ്തുത മറുപടി മൗനം പാലിക്കുന്നതിൽ നിന്നും കുറ്റക്കാരിയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം നടന്നിട്ടുണ്ടാകണമെന്ന് സമിതി കരുതുന്നു.

3.16.2 അനേകം ആരോപണങ്ങൾ ടിയാൾക്കെതിരെ ഉണ്ടെന്നും അതിലൊന്നുമാത്രമാണിതെന്നും സമിതിയെ അറിയിച്ച രജിസ്ട്രാർ, നാളിതുവരെയും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചുവെന്ന് പറയുന്ന അന്വേഷണം പൂർത്തിയാക്കി ടിയാൾക്കെതിരെ നടപടി സ്വീകരിക്കാത്തതിൽ നിന്നും, ഔദ്യോഗിക കൃത്യനിർവ്വഹണം ഫലപ്രദമായി നടപ്പാക്കുന്നതിൽ രജിസ്ട്രാർ വീഴ്ച വരുത്തിയതായി സമിതി അഭിപ്രായപ്പെടുന്നു.

3.16.3 ഹോസ്റ്റലിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും ക്യാഷ്ബുക്കും അതത് ദിവസം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിരുന്നുവെങ്കിൽ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് അർഹതപ്പെട്ട പണം ദുർവിനിയോഗം നടത്തിയത് തടയുവാൻ കഴിയുമായിരുന്നുവെന്നും ഇതിന് മേൽനോട്ടം വഹിക്കേണ്ടിയിരുന്ന ഉന്നത ഉദ്യോഗസ്ഥരും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി സമിതി അഭിപ്രായപ്പെടുന്നു.

3.16.4 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.16.5 കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ആക്ടും സ്റ്റാറ്റ്യൂട്ടും അനുസരിച്ച് ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് കേരള സ്റ്റേറ്റ് ഗവൺമെന്റ് സർവ്വന്റ്സ് കോൺഡക്ട് റൂൾ 1960 അനുസരിച്ചായതിനാൽ ശ്രീമതി മേരിക്കെതിരെ പ്രസ്തുത നിയമം അനുസരിച്ചുള്ള അച്ചടക്ക നടപടികൾ ഒരു മാസത്തിനുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

3.16.6 ശ്രീമതി മേരിക്കെതിരെ പണാപഹരണത്തിന് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് പ്രകാരവും നടപടിയെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.7 രജിസ്ട്രാർ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 30-9-2004-ൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ഡോ. സി. എ. മേരി, ശ്രീമതി റഹീമാബീവി എന്നിവർ അവരുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. 1-4-1998 - 28-2-2001 കാലയളവിലെ കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത് ബാധ്യതകൾ നിശ്ചയിക്കേണ്ടതാണെന്നും രജിസ്ട്രാർ തന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തു.

3.16.8 ലേഡീസ് ഹോസ്റ്റലിന്റെ 1-3-2001, 30-4-2003 കാലയളവിലെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത ഓഡിറ്റ് നോട്ടിൽ ലേഡീസ് ഹോസ്റ്റലിന്റെ കൃത്യമായ സാമ്പത്തിക നില അറിയുന്നതിന് 1-4-1998 മുതലുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന് പരാമർശിച്ചിട്ടുണ്ട്. തത്സമയം 1-4-1998- 28-2-2001 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ലോക്കൽ ഫണ്ടിനെ ഏൽപ്പിക്കണമെന്ന് ഡോ. സി. എ. മേരി അപേക്ഷിച്ചു.

3.16.9 കേരള കാർഷിക സർവ്വകലാശാലയുടെ 13-1-2005-ന് കൂടിയ 406-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ലേഡീസ് ഹോസ്റ്റലിന്റെ 1-4-1998- 28-2-2001

കാലയളവിലെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യുവാൻ തീരുമാനിച്ചു. ഡോ. സി. എ. മേരിക്കെതിരായ സാമ്പത്തിക ബാദ്ധ്യത പ്രസ്തുത റിപ്പോർട്ട് കിട്ടിയശേഷം നിശ്ചയിക്കുന്നതാണെന്നും കമ്മിറ്റി തീരുമാനിച്ചു

3.16.10 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റിന് 1-4-1998- 28-2-2001 കാലയളവിലെ ലേഡീസ് ഹോസ്റ്റലിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ സർവ്വകലാശാലയുടെ 13-12-2004-ലെ ജി.എ.എൽ.3/34338/01 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. 28-4-2005, 21-12-2005 എന്നീ തീയതികളിൽ ഇക്കാര്യത്തിൽ പ്രസ്തുത റിപ്പോർട്ട് നൽകുവാൻ ഡെപ്യൂട്ടി ഡയറക്ടറെ ഓർമ്മിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3.16.11 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണമുള്ള നടപടികൾ നടന്നു വരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടിന്മേൽ ഡോ.സി.എ.മേരി നൽകിയ വിശദീകരണം പരിശോധിക്കുന്നതിന് വെള്ളായണി ലോക്കൽ ഫണ്ട് ഓഡിറ്ററെയും വെള്ളായണി കാർഷിക സർവ്വകലാശാല ഇന്റേണൽ ഓഡിറ്റ് വിഭാഗം ഡെപ്യൂട്ടി കംപ്ട്രോളറെയും ചുമതലപ്പെടുത്തുകയുണ്ടായി. അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട് എന്നതിനാലാണ് നടപടി വൈകുന്നത്. ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് ഡോ. സി. എ. മേരി അടയ്ക്കേണ്ട തുകയായ 23,741 (രൂപ ഇരുപത്തിമൂവായിരത്തി എഴുന്നൂറ്റി നാല്പത്തി ഒന്ന്) 24-6-2010-ലെ നമ്പർ 50/47467 രസീതി പ്രകാരം ഈടാക്കി സർവ്വകലാശാല അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

3.16.12 ഡോക്ടർ മേരിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും, ഐ.പി.സി. പ്രകാരം നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഉള്ള കമ്മിറ്റിയുടെ ശിപാർശ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നുണ്ട്.

3.16.13 കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുണ്ടെന്നുറപ്പ് വരുത്തുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ഡീനിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.16.14 ശ്രീമതി മേരിക്കെതിരായി അച്ചടക്ക നടപടി, ധനാപഹരണത്തിന് ഇന്ത്യൻ ശിക്ഷാ നിയമപ്രകാരമുള്ള നടപടികൾ എന്നിവ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനു പകരം പ്രസ്തുത ശിപാർശ സർവ്വകലാശാല എക്സിക്യൂട്ടീവ്

കമ്മിറ്റിയുടെ മുൻപിൽ സമർപ്പിക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ശ്രീമതി മേരി അടയ്ക്കേണ്ട തുകയായ 23,741 രൂപ 24-6-2010-ലെ 50/47467/നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

3.16.15 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുന്നതിന് ഡീനിന് നിർദ്ദേശം നൽകിയതായി കാണുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചത് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.16.16 ശ്രീമതി മേരിക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക.

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.16.17 രജിസ്ട്രാർ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 30-9-2004-ൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ഡോ. സി. എ. മേരി, ശ്രീമതി റഹീമാബീവി എന്നിവർ അവരുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. 1-4-1998- 28-2-2001 കാലയളവിലെ കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത് ബാധ്യതകൾ നിശ്ചയിക്കേണ്ടതാണെന്നും രജിസ്ട്രാർ തന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തു.

3.16.18 ലേഡീസ് ഹോസ്റ്റലിന്റെ 1-3-2001- 30-4-2003 കാലയളവിലെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത ഓഡിറ്റ് നോട്ടിൽ ലേഡീസ് ഹോസ്റ്റലിന്റെ കൃത്യമായ സാമ്പത്തിക നില അറിയുന്നതിന് 1-4-1998 മുതലുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന് പരാമർശിച്ചിട്ടുണ്ട്. തത്സമയം 1-4-1998- 28-2-2001 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റിനെ ഏൽപ്പിക്കണമെന്ന് ഡോ. സി. എ. മേരി അപേക്ഷിച്ചു.

3.16.19 കേരള കാർഷിക സർവ്വകലാശാലയുടെ 13-1-2005-ന് കൂടിയ 406-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ലേഡീസ് ഹോസ്റ്റലിന്റെ 1-4-1998- 28-2-2001 കാലയളവിലെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യുവാൻ തീരുമാനിച്ചു. ഡോ. സി. എ. മേരിക്കെതിരായ സാമ്പത്തിക ബാദ്ധ്യത പ്രസ്തുത റിപ്പോർട്ട് കിട്ടിയശേഷം നിശ്ചയിക്കുന്നതാണെന്നും കമ്മിറ്റി തീരുമാനിച്ചു.

3.16.20 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റിന് 1-4-1998- 28-2-2001 കാലയളവിലെ ലേഡീസ്

ഹോസ്റ്റലിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ സർവ്വകലാശാലയുടെ 13-12-2004-ലെ ജി.എ.എൽ.3/34338/01 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. 28-4-2005, 21-12-2005 എന്നീ തീയതികളിൽ ഇക്കാര്യത്തിൽ പ്രസ്തുത റിപ്പോർട്ട് നൽകുവാൻ ഡെപ്യൂട്ടി ഡയറക്ടറെ ഓർമ്മിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3.16.21 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണമുള്ള നടപടികൾ നടന്നു വരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടിന്മേൽ ഡോ. സി. എ. മേരി നൽകിയ വിശദീകരണം പരിശോധിക്കുന്നതിന് വെള്ളായണി ലോക്കൽ ഫണ്ട് ഓഡിറ്റിനെയും വെള്ളായണി കാർഷിക സർവ്വകലാശാല ഇന്റേണൽ ഓഡിറ്റ് വിഭാഗം ഡെപ്യൂട്ടി കംപ്ട്രോളറെയും ചുമതലപ്പെടുത്തുകയുണ്ടായി. അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട് എന്നതിനാലാണ് നടപടി വൈകുന്നത്. ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് ഡോ. സി. എ. മേരി അടയ്ക്കേണ്ട തുകയായ 23,741 (രൂപ ഇരുപത്തിമൂവായിരത്തി എഴുനൂറ്റി നാല്പത്തി ഒന്ന്) 24-6-2010-ലെ നമ്പർ 50/47467 രസീതി പ്രകാരം ഈടാക്കി സർവ്വകലാശാല അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. ഡോ. മേരിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും, ഐ.പി.സി. പ്രകാരം നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഉള്ള കമ്മിറ്റിയുടെ ശിപാർശ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

3.16.22 കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കുന്നതിന് ഡീനിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3.16.23 6-5-2013-ൽ കൂടിയ 501-ാമത് ഭരണസമിതി ഡോ. സി. എ. മേരി സമർപ്പിച്ച വിശദീകരണം കണക്കിലെടുത്ത് ഒരു താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. അതുപ്രകാരം 23-7-2013 തീയതിയിലെ ജി.എ./എൽ 3/34338/01 നമ്പർ ഉത്തരവ് മുഖേന താക്കീത് നൽകുകയും ചെയ്തു.

3.16.24 മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.16.25 ഡോ. സി. എ. മേരിയുടെ ബാധ്യതയായി നമ്പർ എൽ.എഫ്. (കെ.എ.യു)എസ്.സി.-2/427/2006 തീയതി 19-4-2010 പ്രകാരം 23,741 രൂപ നിശ്ചയിച്ചത് തിരിച്ചടച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 67, 68

ശിപാർശ

3.17.1 ക്വാർട്ടേഴ്സിന്റെയും കിണറിന്റെയും പണിതീർത്തിട്ടും പമ്പ് ഹൗസിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കാരണം ക്വാർട്ടേഴ്സുകൾ ജീവനക്കാർക്ക് അലോട്ടുചെയ്യാനായില്ലെന്നും ഇക്കാലയളവിൽ ക്വാർട്ടേഴ്സ് നിർമ്മാണം പ്രയോജനരഹിതമായി മാറിയെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.17.2 അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ചതുപ്പുനിലത്താണ് ക്വാർട്ടേഴ്സ് നിർമ്മിച്ചതെന്ന് സർവ്വകലാശാലയുടെ മറുപടി സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവരുടെ നേതൃത്വത്തിൽ സർവ്വകലാശാലയ്ക്ക് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിട്ടും ഇത്തരം സംരംഭങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്താറില്ല എന്നതിന് തെളിവാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ട സർവ്വകലാശാല അവിടത്തെ ജീവനക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുമ്പോൾ അവർക്ക് പ്രയോജനകരമായതും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടുള്ളതും ആയിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.3 പനങ്ങാട് ഫിഷറീസ് കോളേജിൽ ടൈപ്പ്-II ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിന് ഇപ്പോഴത്തെ സ്ഥാനം കണ്ടെത്തിയത് വിശദമായ ഒരു പഠനത്തിനുശേഷമായിരുന്നു. ടി ക്യാമ്പസിലെ മൂന്നാം ഖണ്ഡത്തിൽ ജീവനക്കാർക്ക് വേണ്ടിയുള്ള ടൈപ്പ് V ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ലഭ്യമായിരുന്ന ഏക സ്ഥാനവും ഇതായിരുന്നു. മാത്രമല്ല ഇവിടെയുള്ള ചതുപ്പുകളത്തിനടുത്ത് ലഭ്യമായ വരണ്ട കരഭൂമിയിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

3.17.4 ഈ ക്യാമ്പസ്സിൽ കുടിവെള്ളം ലഭ്യമാകുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ ഒന്നുംതന്നെ ഇല്ല. കുടിവെള്ളത്തിന് കേരള ജല അതോറിറ്റിയെയാണ് ആശ്രയിക്കുന്നത്. കെട്ടിട നിർമ്മാണത്തിനുമുമ്പ് ജല അതോറിറ്റി കണക്ഷൻ നൽകാറില്ല. കെട്ടിട നിർമ്മാണത്തിനുശേഷം ഉടനെ തന്നെ കണക്ഷനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. പക്ഷേ കണക്ഷനുകൾ മുൻഗണനാ ക്രമമനുസരിച്ച് മാത്രമേ നൽകാറുള്ളൂ.

3.17.5 ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. മേൽ സാഹചര്യത്തിൽ എതിർപ്പ് ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.17.6 പ്രയോജനരഹിതമായിക്കിടന്ന ക്വാർട്ടേഴ്സുകളിൽ ടൈപ്പ്-II ക്വാർട്ടേഴ്സുകളിലെല്ലാം ജീവനക്കാർ താമസം തുടങ്ങുകയും വാട്ടർ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 71

ശിപാർശ

3.18.1 നഷ്ടം കുറച്ചുകൊണ്ടുവരാൻ പരമാവധി ശ്രമിക്കാമെന്ന് സർവ്വകലാശാല നൽകിയ ഉറപ്പ് എത്രമാത്രം പ്രാവർത്തികമാക്കി എന്നും ഇക്കാര്യത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

3.18.2 കോഴി വളർത്തലിലൂടെ വരുമാനത്തിൽ ഉണ്ടായിരുന്ന കുറവ് പരിഹരിക്കുന്നതിലേക്കുള്ള ശ്രമഫലമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 3-9-2004 മുതൽ 30-11-2005 വരെ 500 കോഴികളെ സംരക്ഷിക്കുന്നതിലേക്കായി 1,75,941 രൂപ ചെലവായപ്പോൾ മുട്ടവിൽപ്പനയിലൂടെയും മറ്റ് വരുമാനത്തിലുമായി 1,58,906 രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.18.3 സർവ്വകലാശാല നൽകിയിരിക്കുന്ന മറുപടി സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഷ്ടം കുറച്ചുകൊണ്ടുവരുന്ന കാര്യത്തിൽ സമിതി അഭിപ്രായപ്പെട്ട പ്രകാരം സ്വീകരിച്ച ക്രിയാത്മക നിർദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 73, 74,75,76,77

ശിപാർശ

3.19.1 ഐ.സി.എ.ആർ/യു.ജി.സി. നടപ്പിലാക്കിയ 1990-ലെ ഐ.സി.എ.ആർ./ യു.ജി.സി. മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും 12-5-2004-ലെ സമിതിയോഗത്തിന് കാർഷിക സർവ്വകലാശാല രേഖാമൂലം നൽകിയ മറുപടി, പ്രസ്തുത മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിജപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നാണ്. പദ്ധതി നടപ്പിലാക്കി പതിനാലുവർഷം കഴിഞ്ഞിട്ടും ആ ഉത്തരവിലെ കാതലായ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്നത് അക്ഷന്തവ്യമായ അനാസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സർവകലാശാലയുടെ ഭരണതലത്തിൽ സമഗ്രമായ അഴിച്ചുപണിയും പുനഃക്രമീകരണങ്ങളും ആവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.19.2 പ്രസ്തുത ഉത്തരവനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിശ്ചയിക്കാതെ പഴയ മാനദണ്ഡം അനുസരിച്ച് നിയമനങ്ങൾ നടത്തുന്നതിനാൽ ശമ്പളം ഇനത്തിൽ അധികചെലവാണ് ഉണ്ടാകുന്നതെന്നും ഇത് സർവ്വകലാശാലയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് യോജിച്ചതല്ല എന്നും സമിതി അഭിപ്രായപ്പെടുന്നു.

3.19.3 സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഉത്തരവുകളിൽ ഈ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശിച്ചിട്ടും ആ നിർദ്ദേശം ലംഘിച്ച കാർഷിക സർവ്വകലാശാല അധികൃതർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

3.19.4 ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ ജോലിഭാരം നിശ്ചയിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അടിയന്തരമായി നടപ്പാക്കി റിപ്പോർട്ട് സമിതിക്ക് നൽകണം എന്ന് സമിതി നിർദ്ദേശിക്കുന്നു.

3.19.5 കാർഷിക സർവ്വകലാശാലയെ അടിമുടി ബാധിച്ചിരിക്കുന്ന അഴിമതി, ഉത്തരവാദിത്വമില്ലായ്മ, കെടുകാര്യസ്ഥത എന്നിവയ്ക്ക് അറുതി വരുത്തുന്നതിനായി ശക്തമായ തിരുത്തൽ നടപടികൾ ആവശ്യമാണെന്നും ഈ നടപടി പ്രത്യക്ഷമായി ഫലപ്രാപ്തി യെത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.19.6 യു.ജി.സി./ഐ.സി.എ.ആർ. മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിന് വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അദ്ധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. (ജി.എ/സി2/37002/03 തീയതി 7-11-2003) വിശദമായ ചർച്ചകൾക്ക് ശേഷം പ്രസ്തുത കമ്മിറ്റി ഇതിലേക്കായി ജോലിഭാരം നിർണ്ണയിക്കുന്നതിനായുള്ള ഒരു ഫോർമാറ്റ് സമർപ്പിക്കുകയും ഈ ഫോർമാറ്റ് 394-ാം ഭരണസമിതിയിൽ വയ്ക്കുകയും ചെയ്തു. 395-ാമത് ഭരണസമിതി ഇതിനായി യൂണിവേഴ്സിറ്റിക്ക് പുറമേനിന്നുള്ള തമിഴ്നാട് സർവ്വകലാശാല ഡീൻ അടങ്ങിയ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിക്കുകയും ഡയറക്ടർ ഓഫ് റിസർച്ചിനെ പ്രസ്തുത കമ്മിറ്റിയുടെ നടത്തിപ്പു ചുമതല ഏല്പ്പിക്കുകയും ചെയ്തു. ഈ വിദഗ്ദ സമിതിയുടെ റിപ്പോർട്ട് 13-1-2005-ലെ ഭരണ സമിതിയിൽ ചില മാറ്റങ്ങളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

3.19.7 പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'Manual for assessment of institution under Kerala Agricultural University' തയ്യാറാക്കുകയും യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എല്ലാ ഡീൻമാർക്കും, ഡയറക്ടർ ഓഫ് റിസർച്ച്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ

എന്നിവർക്കും അദ്ധ്യാപകരുടെ തസ്തികകൾ ജോലിഭാരം നിർണ്ണയിച്ച് പുനഃക്രമീകരിക്കുന്നതിനായി 7-3-2005-ൽ അയച്ചു കൊടുക്കുകയും ചെയ്തു. ചില സ്ഥാപനങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച വിവരങ്ങളിൽ ചിലതിൽ കൂടുതൽ വിശദീകരണം തേടിയിരിക്കുകയാണ്. എന്നാൽ ഇതിനിടയിൽ 7-2-2005-ൽ കൂടിയ ഭരണസമിതി, ജോലിഭാരം നിർണ്ണയിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി.

3.19.8 സർവ്വകലാശാല ഭരണസമിതി നിർദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവകലാശാലയിലെ ഡീൻ, അസോസിയേറ്റ് ഡീൻ, ഡയറക്ടർ എന്നീ പദവിയിലുള്ള തലവൻമാരുടെ യോഗം വിളിച്ചുകൂട്ടുകയും 23-8-2006-ന് ചേർന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവകലാശാലയിലെ വിവിധ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ പുനർ നിർണയം ചെയ്യുതായ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. 15-10-2007 ൽ കൂടിയ 444-ാമത് ഭരണസമിതി യോഗം ടി പഠന റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി. ആയതിന്റെ ഒരു കോപ്പി 11-3-2008-ലെ എസ്.എ 1.എ/26947/98 നമ്പർ കത്തിനോടൊപ്പം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.19.9 സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിച്ച സർവ്വകലാശാല ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കിയതായി കാണുന്നില്ല.

ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ ജോലിഭാരം നിശ്ചയിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദേശവും നടപ്പിലാക്കിയതായി കാണുന്നില്ല.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.19.10 സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിച്ച സർവ്വകലാശാല ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ടും, ഖണ്ഡിക 76-ഉം ആയി ബന്ധപ്പെട്ട റിപ്പോർട്ടും എത്രയും വേഗം ലഭ്യമാക്കുക.

<u>കൃഷി വകുപ്പിൽ നിന്നും ലഭിച്ച അധിക വിവരം</u>

3.19.11 യു.ജി.സി./ഐ.സി.എ.ആർ. മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിനുവേണ്ടി നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി അദ്ധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി (ജി.എ/സി2/37002/03 തീയതി 7-11-2003) വിശദമായ ചർച്ചകൾക്ക് ശേഷം പ്രസ്തുത

കമ്മിറ്റി ഇതിലേക്കായി ജോലിഭാരം നിർണ്ണയിക്കുന്നതിനായുള്ള ഒരു ഫോർമാറ്റ് സമർപ്പിക്കുകയും ഈ ഫോർമാറ്റ് 394-ാം ഭരണസമിതിയിൽ വയ്ക്കുകയും ചെയ്തു. 395-ാമത് ഭരണസമിതി ഇതിനായി യൂണിവേഴ്സിറ്റിക്ക് പുറമേനിന്നുള്ള തമിഴ്നാട് സർവ്വകലാശാല ഡീൻ അടങ്ങിയ ഒരു വിദഗ്ദ കമ്മിറ്റിയെ നിയോഗിക്കുകയും ഡയറക്ടർ ഓഫ് റിസർച്ചിനെ പ്രസ്തുത കമ്മിറ്റിയുടെ നടത്തിപ്പുചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ വിദഗ്ദ സമിതിയുടെ റിപ്പോർട്ട് 13-1-2005-ലെ ഭരണസമിതിയിൽ ചില മാറ്റങ്ങളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

3.19.12 പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'Manual for assessment of institution under Kerala Agricultural University' തയ്യാറാക്കുകയും യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എല്ലാ ഡീൻമാർക്കും, ഡയറക്ടർ ഓഫ് റിസർച്ച്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ എന്നിവർക്കും അദ്ധ്യാപകരുടെ തസ്തികകൾ ജോലിഭാരം നിർണ്ണയിച്ച് പുനഃക്രമീകരിക്കുന്നതിനായി 7-3-2005-ൽ അയച്ചു കൊടുക്കുകയും ചെയ്തു. ചില സ്ഥാപനങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച വിവരങ്ങളിൽ ചിലതിൽ കൂടുതൽ വിശദീകരണം തേടിയിരിക്കുകയാണ്. എന്നാൽ ഇതിനിടയിൽ 7-2-2005-ൽ കൂടിയ ഭരണസമിതി, ജോലിഭാരം നിർണ്ണയിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി.

3.19.13 സർവ്വകലാശാല ഭരണസമിതി നിർദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവകലാശാലയിലെ ഡീൻ, അസോസിയേറ്റ് ഡീൻ, ഡയറക്ടർ എന്നീ പദവിയിലുള്ള തലവൻമാരുടെ യോഗം വിളിച്ചുകൂട്ടുകയും 23-8-2006-ന് ചേർന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി സർവകലാശാലയിലെ വിവിധ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ പുനർ നിർണയം ചെയ്തതായ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. 15-10-2007-ൽ കൂടിയ 444-ാമത് ഭരണസമിതി യോഗം ടി പഠന റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.19.14 സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിച്ച കാർഷിക സർവ്വകലാശാല അധികൃതർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന് മറുപടി ലഭിച്ചിട്ടില്ല. ഖണ്ഡിക 76 മായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയത് അംഗീകരിക്കാവുന്നതാണ്.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.19.15 സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും നിർദേശങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിച്ച കാർഷിക സർവ്വകലാശാല അധികൃതർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

## കൃഷിവകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

3.19.16 ഏകദേശം 15 വർഷം മുമ്പ് നിലവിലുണ്ടായിരുന്നതും ഇപ്പോൾ നിലവില്ലാത്തതുമായ ഭരണസമിതി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുകയാണ് അന്നത്തെ ഉദ്യോഗസ്ഥർ ചെയ്തിട്ടുള്ളത്. മാനദണ്ഡങ്ങൾ മറികടന്നുള്ള അത്തരം തീരുമാനം എടുത്തത് അന്നത്തെ ഭരണസമിതിയാണ്. ഭരണസമിതി തീരുമാനം നടപ്പിലാക്കേണ്ട ബാധ്യത സർവകലാശാല ഉദ്യോഗസ്ഥർക്കുള്ളതുകൊണ്ട് അത് നടപ്പിലാക്കുക മാത്രമാണ് അവർ ചെയ്തിട്ടുള്ളത്. അന്നത്തെ ഭരണസമിതിയിലാവട്ടെ ഏറിയപങ്കും നിയമസഭാ സാമാജികർ/സർക്കാർ നിർദേശിക്കുന്ന മറ്റ് ജനപ്രതിനിധികൾ, സർക്കാർ വകുപ്പ് മേധാവികൾ എന്നിവരുൾപ്പെട്ടതുമായിരുന്നു. മാത്രവുമല്ല 15 വർഷം മുമ്പത്തെ ഈ ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കുക മാത്രം ചെയ്ത അന്നത്തെ ഉദ്യോഗസ്ഥരെല്ലാം അടുത്തുതന്നെ പറ്റി പിരിഞ്ഞുപോയിരിക്കുകയുമാണ്. ആയതിനാൽ അന്നത്തെ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന സമിതി നിർദേശം ദയവായി ഒഴിവാക്കാൻ അപേക്ഷിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.19.17 1990-ലെ ഐ.സി.എ.ആർ/യു.ജി.സി മാനദണ്ഡങ്ങളനുസരിച്ച് അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും നാളിതുവരെ ആയത് നടപ്പിലാക്കിയിട്ടില്ല. സർക്കാരിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഉത്തരവുകളിൽ ഈ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശമുണ്ട്. ഇന്നും പ്രസക്തമായ ഈ വിഷയത്തിൽ യാതൊരു നടപടിയും സർവകലാശാല സ്വീകരിക്കുന്നില്ല എന്നത് ഗൗരവമായി കണ്ട് നിയമപരമായ ബാധ്യത നിറവേറ്റുന്നതിനുള്ള കർശന നിർദേശം സർവ്വകലാശാലയ്ക്ക് നൽകാവുന്നതാണ്.

## ഖണ്ഡിക നമ്പർ 79

## ശിപാർശ

3.20.1 കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ട്സ് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകൾ ഒരുമാസത്തിനകം സമിതിക്ക് നൽകുവാനും മൂന്നരവർഷമായി തീർപ്പാക്കാത്ത ഫയലുകളിൽ ബന്ധപ്പെട്ട വ്യക്തികളുടെ പേരിൽ നടപടിയെടുത്ത് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി നിർദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.20.2 ഇതു സംബന്ധിച്ച് 28-5-2004-ൽ കൂടിയ 11-ാമത് അക്കൗണ്ട്സ് കമ്മിറ്റിയുടെ 18-ാമത് യോഗതീരുമാനം താഴെ കൊടുക്കുന്നു. "ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരം അർഹമായ പലിശയേ നൽകിവരുന്നുള്ളൂവെന്ന് അറിയിച്ചു. നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടു. എതിർപ്പ് പിൻവലിച്ചു."

3.20.3 മൂന്നര വർഷമായി തീർപ്പാക്കാത്ത ഫയലുകളെ സംബന്ധിച്ച നിർദ്ദേശം ഈ ഖണ്ഡികയോടനുബന്ധിച്ചത് അല്ലെന്ന് ബഹു: കമ്മിറ്റിയെ ബോധ്യപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

3.20.4 ഇതു സംബന്ധിച്ച എതിർപ്പ് പിൻവലിക്കാൻ അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.20.5 രേഖകൾ ഒരു മാസത്തിനുള്ളിൽ സമിതിക്ക് ഹാജരാക്കണമെന്ന സമിതി നിർദേശം നടപ്പിലാക്കിയിട്ടില്ല. മൂന്നര വർഷമായി തീർപ്പാക്കാത്ത ഫയലുകളും ബന്ധപ്പെട്ട വ്യക്തികളുടെ പേരിൽ നടപടിയെടുത്ത് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദേശവും പാലിക്കപ്പെട്ടിട്ടില്ല.

<u>സമിതി ആരാഞ്ഞ അധിക വിവരങ്ങൾ</u>

3.20.6 മൂന്നര വർഷമായി തീർപ്പാക്കാത്ത ഫയലുകളെ സംബന്ധിച്ച് വീണ്ടും പരിശോധിക്കേണ്ടതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.20.7 കൃഷി വകുപ്പിന്റെ കണ്ടെത്തൽ ശരിയാണെന്ന് കാണുന്നു. ഖണ്ഡിക ഒഴിവാക്കാൻ സമിതിയോട് അഭ്യർത്ഥിക്കാവുന്നതാണ്.

തിരുവനന്തപുരം,
2018, ഡിസംബർ 11.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.23 | പൊതുമരാമത്ത് വകുപ്പ് | ചീഫ് എഞ്ചിനീയർ ശ്രീ. പി. ശ്രീകുമാറിൽ നിന്ന് തുക തിരിച്ച് പിടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.